2023
MAY
31
WEDN ESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## പച്ചത്തേങ്ങയുടെ വില കുത്തനെ ഇടിഞ്ഞു

**കോഴിക്കോട്:** സംസ്ഥാനത്തു പച്ചത്തേങ്ങയുടെ വില കുത്തനെ ഇടിഞ്ഞു. വില ഇന്നലെ കിലോഗ്രാമിന് 23 രൂപയിലെത്തി. 5 വർഷത്തിനിടെയുള്ള ഏറ്റവും കുറഞ്ഞ വിലയാണിതെന്ന് കർഷകർ പറഞ്ഞു. കഴിഞ്ഞ വർഷം ഈ സമയത്ത് 27 രൂപയുണ്ടായിരുന്നു. ഉൽപാദനച്ചെലവെങ്കിലും കർഷകനു കിട്ടാൻ 35 രൂപ വേണം. സർക്കാരിന്റെ സംഭരണനടപടികൾ കർഷകനു ഗുണകരമായിട്ടില്ലെന്ന ആക്ഷേപം നിലനിൽക്കുന്നതിനിടയിലാണ് പൊതുവിപണിയിൽ പച്ചത്തേങ്ങ വില കുത്തനെ ഇടിഞ്ഞത്.

സംസ്ഥാനത്ത് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (വിഎഫ്പിസികെ) 77 കേന്ദ്രങ്ങളിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. കിലോഗ്രാമിന് 34 രൂപ നിരക്കിലാണ് സംഭരണം. കഴിഞ്ഞ വർഷവും വിഎഫ്പിസികെ സർക്കാർ നിർദേശപ്രകാരം പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിനു കൈമാറിയിരുന്നു. 10,000 ടൺ തേങ്ങയാണു കർഷകരിൽ നിന്നു സംഭരിച്ചത്. ഇത്തവണയും സംഭരണം തുടരും. ആഴ്ചയിൽ 2 ദിവസമാണ് കർഷകരിൽനിന്ന് പച്ചത്തേങ്ങ സംഭരിക്കുന്നത്.

കോഴിക്കോട് ജില്ലയിൽ മാത്രം ഏപ്രിൽ ഒന്നു മുതൽ മേയ് 25 വരെ 921 ടൺ സംഭരിച്ചിട്ടുണ്ട്. ഓരോ തെങ്ങിൽനിന്ന് 70 പച്ചത്തേങ്ങ വീതം, 6 തവണകളായി ഓരോ കർഷകനിൽ നിന്നും 4200 പച്ചത്തേങ്ങയാണ് ഒരു വർഷം വിഎഫ്പിസികെ സംഭരിക്കുന്നത്. സഹകരണ സംഘങ്ങളും പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. എന്നാൽ പണം ലഭിക്കാൻ കർഷകർക്കു താമസം നേരിടുന്നുണ്ട്. കഴിഞ്ഞ വർഷം സംഭരിച്ച വിത്തുതേങ്ങയുടെ പണം ഇനിയും കർഷകർക്കു ലഭിച്ചിട്ടില്ല. ഇതു ലക്ഷങ്ങൾ വരും.

സർക്കാർ നിർദേശപ്രകാരം സംസ്ഥാനത്ത് കൊപ്രസംഭരണത്തിനും വിഎഫ്പിസികെ തയാറെടുപ്പു തുടങ്ങി. വിഎഫ്പിസികെയ്ക്കു കീഴിൽ സംസ്ഥാനത്ത് നിലവിലുള്ള 290 സംഭരണകേന്ദ്രങ്ങളിൽ കൊപ്രസംഭരണത്തിനും സൗകര്യമൊരുക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ പഴങ്ങളും പച്ചക്കറികളുമാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ സംഭരണകേന്ദ്രങ്ങളിൽ കൈകാര്യം ചെയ്യുന്നത്. കൊപ്രസംഭരണം കർഷകരിൽനിന്നു മാത്രമായിരിക്കും. കർഷകർ കൃഷിഭവനുകളിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന് എംഡി വി.ശിവരാമകൃഷ്ണൻ പറഞ്ഞു.

## നേപ്പാളിൽ നിന്നും അധിക വൈദ്യുതി ഇന്ത്യയിലേക്ക്

**കാഠ്മണ്ഡു.** ഉത്പാദനം കൂടിയതും ഉപഭോഗം കുറഞ്ഞതും മൂലം അധികം വന്ന വൈദ്യുതി ഇന്ത്യയ്ക്ക് വിറ്റഴിച്ച് നേപ്പാൾ. നദീതട പദ്ധതികളിൽ നിന്നായി രാജ്യത്ത് ആവശ്യത്തിലധികം വൈദ്യുതി ലഭ്യമായതായാണ് റിപ്പോർട്ടുകൾ. കഴിഞ്ഞ വർഷം ജൂൺ മുതൽ നവംബർ വരെ ഇന്ത്യയ്ക്ക് നേപ്പാൾ വൈദ്യുതി നൽകിയിരുന്നു. ഹിമാലയൻ നദികൾ കേന്ദ്രീകരിച്ചാണ് നേപാളിൽ ഭൂരിഭാഗം ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളും നടപ്പിലാക്കുന്നത്.



കുറച്ചു മുൻപു വരെ നൽകിയിരുന്ന 400 മെഗാവാട്ട് വൈദ്യുതി 600 മെഗാവാട്ട് ആയി ഉയർത്തിയെന്ന് നേപ്പാൾ ഇലക്ട്രിസിറ്റി അതോറിറ്റി അംഗം സുരേഷ് ബട്ടരായി പിടിഐ യോട് പറഞ്ഞു.

നേപ്പാളിൽ വൈദ്യുതി ഉപഭോഗം തണുപ്പുകാലത്താണ് വർധിക്കുക. ചൂടു കാലത്ത് ഉപഭോഗം കുറയുന്നതിനാലാണ് അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി അവശ്യാനുസരണം മറ്റു രാജ്യങ്ങൾക്കു നൽകുന്നത്. രാജ്യത്തെ പ്രധാന വരുമാനമാർഗം കൂടിയാണിത്. കഴിഞ്ഞ വർഷം മാത്രം 1200 കോടി രൂപയുടെ വൈദ്യുതിയാണ് നേപ്പാൾ ഇന്ത്യയ്ക്ക് നൽകിയത്. മൺസൂൺ സജീവമാകുമ്പോൾ ഹിമാലയൻ നദികളിൽ നിന്ന് അധിക വൈദ്യുതി ഉത്പാദിപ്പിക്കുകയാണ് രാജ്യം ചെയ്യുന്നത്.

### വ്യോമാക്രമണം തുടർന്ന് റഷ്യ

## റഷ്യയെ ഞെട്ടിച്ച് മോസ്കോയിൽ ഡ്രോൺ ആക്രമണം

**കീവ്:** യുക്രെയ്ൻ തലസ്ഥാനമായ കീവിൽ വ്യോമാക്രമണം തുടരുന്നതിനിടെ, ഇന്നലെ യുക്രെയ്നിന്റെ ഡ്രോണുകൾ മോസ്കോയിൽ ആക്രമണം നടത്തിയതു റഷ്യയെ ഞെട്ടിച്ചു.

ചൊവ്വാഴ്ച പുലർച്ചെയുണ്ടായ ആക്രമണത്തിൽ ചില കെട്ടിടങ്ങൾക്കു കേടുപാടുകൾ സംഭവിച്ചു. 8 ഡ്രോണുകൾ വ്യോമപ്രതിരോധസംവിധാനം തകർത്തതായി റഷ്യ അവകാശപ്പെട്ടു. സാധാരണജനങ്ങളെ ലക്ഷ്യമിട്ടുള്ള ഭീകരാക്രമണമാണു നടന്നതെന്നു റഷ്യ പ്രസിഡന്റ് വ്ളാഡിമിർ



പുട്ടിൻ പറഞ്ഞു.

മോസ്കോയിലെ സമ്പന്നർ താമസിക്കുന്ന മേഖലയിലാണു ഡ്രോണുകൾ പതിച്ചത്. ഈ മാസാദ്യം ക്രെംലിൻ കൊട്ടാരത്തിനുനേരെയും ഡ്രോൺ ആക്രമണമുണ്ടായിരുന്നു. മോസ്കോയുടെ നേർക്കു രണ്ടാം ലോകമഹായുദ്ധ കാലത്തിനുശേഷം നടക്കുന്ന വലിയ ആക്രമണമാണിതെന്ന് ഒരു റഷ്യൻ നേതാവ് വിശേഷിപ്പിച്ചു.

കീവിൽ റഷ്യ ഇന്നലെയും വ്യോമാക്രമണം നടത്തി. 24 മണിക്കൂറിനിടെ മൂന്ന് ആക്രമണങ്ങളിൽ അപ്പാർട്മെന്റ് കെട്ടിടത്തിൽ തീപിടിത്തമുണ്ടായി ഒരാൾ കൊല്ലപ്പെട്ടു. 11 പേർക്കു പരുക്കേറ്റു. റഷ്യയുടെ 20 ഡ്രോണുകൾ വീഴ്ത്തിയതായും യുക്രെയ്ൻ അവകാശപ്പെട്ടു. കാലിബർ മിസൈൽ വഹിക്കുന്ന കപ്പലുകളുടെ എണ്ണം റഷ്യ വർധിപ്പിച്ചതായി റിപ്പോർട്ടുണ്ട്. അതിനിടെ, യുക്രെയ്നിലെ റഷ്യൻ അധിനിവേശ പ്രദേശങ്ങളിൽ പ്രാദേശിക തിരഞ്ഞെടുപ്പ് നടത്താൻ അനുമതി നൽകുന്ന ബില്ലിൽ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ ഒപ്പുവച്ചു.

## 3 ദിവസത്തിൽ ഒരു കോടി പതിപ്പ്; ലെജൻഡ് ഓഫ് സെൽഡ ഗിന്നസ് ബുക്കിൽ

പുറത്തിറങ്ങി മൂന്നു ദിവസത്തിനുള്ളിൽ ഒരു കോടി പതിപ്പുകൾ വിറ്റഴിഞ്ഞ ലെജൻഡ് ഓഫ് സെൽഡ: ടിയേഴ്സ് ഓഫ് ദ് കിങ്ഡം എന്ന വിഡിയോ ഗെയിം ഗിന്നസ് ബുക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി. ഗെയിം കമ്പനിയായ നിന്റെൻഡോയുടെ ഏറ്റവും വേഗം വിറ്റഴിക്കപ്പെടുന്ന ഗെയിം എന്ന റെക്കോർഡാണ് ടിയേഴ്സ് ഓഫ് ദ് കിങ്ഡം സ്വന്തമാക്കിയത്. 24 ദിവസം കൊണ്ട് 1.2 കോടി പതിപ്പുകൾ വിറ്റഴിഞ്ഞ 2018ലെ സൂപ്പർ സ്മാഷ് ബ്രോസ് അൾട്ടിമേറ്റ് എന്ന ഗെയിമിന്റെ റെക്കോർഡാണ് സെൽഡ മറികടന്നത്. നിന്റെൻഡോ സ്വിച്ച് ഗെയിം കൺസോളിൽ മേയ് 12നാണ് ഗെയിം റിലീസ് ചെയ്തത്. ബ്രെത് ഓഫ് ദ് വൈൽഡ് എന്ന ഗെയിമിന്റെ തുടർച്ചയാണിത്.





# ഇലവീഴാപ്പൂഞ്ചിറയും ഇല്ലിക്കക്കല്ലും ഇന്ത്യൻ ടൂറിസം മാപ്പിലേക്ക്

**മൂന്നിലവ് :** ഇലവീഴാപ്പൂഞ്ചിറയും ഇല്ലിക്കക്കല്ലും 3 മാസത്തിനുള്ളിൽ ഇന്ത്യൻ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുമെന്നു മാണി സി.കാപ്പൻ എംഎൽഎ. മൂന്നിലവ് മേച്ചാൽ പൗരസമിതിയുടെ നേതൃത്വത്തിൽ നൽകിയ സ്വീകരണ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വാഗമണ്ണുമായി ബന്ധിപ്പിച്ചു റോഡും റോപ്‌വേയും നിർമിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമെന്നും പറഞ്ഞു.

ഭരണങ്ങാനം, രാമപുരം തീർഥാടന കേന്ദ്രങ്ങളെ പിൽഗ്രിം ടൂറിസം ഡെസ്റ്റിനേഷനിൽ ഉൾപ്പെടുത്തും. കാലവർഷ കെടുതിയിൽ തകർന്ന കടപുഴ പാലവും, മേച്ചാൽ റോഡും നിർമിക്കുന്നതിന് എംഎൽഎ ആസ്തി വികസന ഫണ്ടിൽ നിന്നും പണം അനുവദിച്ചിരുന്നു.

പാലാ ടൗണിൽ 4 കെട്ടിടം പണിത് മരിച്ച് കഴിയുമ്പോൾ മെമ്മോറിയിൽ എന്നെഴുതാൻ താൽപര്യമില്ലെന്നും ജീവിച്ചിരിക്കുമ്പോൾ എന്ത് ചെയ്യാൻ കഴിയുമെന്നതാണ് ചിന്തയെന്നും മാണി സി.കാപ്പൻ പറഞ്ഞു.

ജില്ലാ പഞ്ചായത്തംഗം ഷോൺ ജോർജ് സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. മൂന്നിലവ് പഞ്ചായത്ത് പ്രസിഡന്റ് പി.എൽ.ജോസഫ് അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ബിന്ദു സെബാസ്റ്റ്യൻ, റവ. പി. വി.ആൻഡ്രൂസ്, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, റവ. ബെൻ ആൽബർട്ട്. എം.ജി.ശേഖരൻ, ഷൈൻ പാറയിൽ, ടോമിച്ചൻ കുരിശുങ്കൽപറമ്പിൽ, വി.എസ്.ജോർജ്, കെ.ജെ. സൂസമ്മ പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ പ്രസംഗിച്ചു.

# മലയോര മേഖലയിൽ കെഎസ്ആർടിസിക്ക് നഷ്ടം

**കാസർകോട്:** ഗുരുവായൂരിൽ നിന്നും തൃശൂരിൽ നിന്നും മലയോര മേഖലയിലൂടെ കാസർകോട്ടേക്ക് തുടങ്ങിയ കെഎസ്ആർടിസി സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആഴ്ചകൾക്കുള്ളിൽ നിർത്തലാക്കി. ഗുരുവായൂരിൽ നിന്നു തുടങ്ങിയ രണ്ടു സർവീസുകളും തൃശൂരിൽ നിന്നു തുടങ്ങിയ ഒരു സർവീസുമാണ് നിർത്തിയത്. ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് മലയോര മേഖലയിലൂടെ ഈ മാസം ആദ്യം പുതിയ സർവീസുകൾ ആരംഭിച്ചത്. എന്നാൽ കാര്യമായ പഠനം നടത്താതെയും ആലോചനയില്ലാതെയും ആരംഭിച്ച ബസുകൾക്ക് പ്രതീക്ഷിച്ച വരുമാനം ലഭിച്ചില്ലെന്നു മാത്രമല്ല വലിയ നഷ്ടമാണ് ഉണ്ടാക്കിയത്.



ഗുരുവായൂർ, പൊന്നാനി,തിരൂർ,കോഴിക്കോട്, ഉള്ള്യേരി, പേരാമ്പ്ര, കുറ്റ്യാടി, നാദാപുരം, കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി, പയ്യാവൂർ, ചെമ്പേരി, ആലക്കോട്, ചിറ്റാരിക്കാൽ,വെള്ളരിക്കുണ്ട്, മുള്ളേരിയ, കാസർകോട് എന്നിങ്ങനെയായിരുന്നു ഇതിന്റെ റൂട്ട് നിശ്ചയിച്ചത്.ദേശീയപാതയിലേതിനാക്കാൾ ദൂരവും സമയവും കൂടുതൽ എടുക്കുന്നതിനാൽ ദീർഘദൂര യാത്രക്കാർക്കിടയിൽ ഈ ബസുകൾക്ക് സ്വീകാര്യത ലഭിച്ചില്ല.

പുലർച്ചെ 6 ന് ഗുരുവായൂരിൽ നിന്നു പുറപ്പെട്ട് ഉച്ചയ്ക്കു 2.15 ന് കാസർകോട്ട് എത്തുന്നതായിരുന്നു ആദ്യത്തെ സർവീസ്. എന്നാൽ കാസർകോട് ഇത് എത്തുന്നതാകട്ടെ വൈകിട്ട് അഞ്ചിനും. മലയോരത്തെ റോഡുകൾ പലതും തകർന്നതിനാൽ സമയകൃത്യത പാലിക്കാനും സാധിച്ചില്ല. കോഴിക്കോട് നിന്ന് ദേശീയപാതയിലൂടെ കാസർകോട് എത്തുന്നതിനേക്കാൾ ഇരട്ടി സമയമാണ് വേണ്ടി വന്നത്. ഇതോടെ യാത്രക്കാർ കുറ!ഞ്ഞു. ശരാശരി 30000 രൂപ വരുമാനം പ്രതീക്ഷിച്ച ബസുകൾക്ക് 10000 രൂപയോളമാണ് കളക്ഷൻ ലഭിച്ചത്. നാലു ദിവസമായി ബസുകൾ ഓടുന്നില്ലകാസർകോട് നിന്ന് തൃശൂരിലേക്കു പുതിയ കെഎസ്ആർടിസി സൂപ്പർ ഫാസ്റ്റ് ബസ് ഇന്നലെ മുതൽ സർവീസ് തുടങ്ങി. ദേശീയപാതയിലൂടെ കണ്ണൂർ കോഴിക്കോടെത്തു. തുടർന്ന് പൊന്നാന്നി വഴിയാണ് ബസിന്റെ റൂട്ട്. കാസർകോട് നിന്ന് വൈകിട്ട് 6 ന് പുറപ്പെട്ട് പിറ്റേന്നു രാവിലെ 10 ന് തൃശൂരിൽ നിന്നു തിരികെ വരുന്ന രീതിയിലാണ് സമയം നിശ്ചയിച്ചിട്ടുള്ളത്

# പ്രവർത്തനം തുടങ്ങാതെ ശുദ്ധജല പദ്ധതി

**അത്തോളി:** ലക്ഷങ്ങൾ ഒഴുക്കിയിട്ടും വേനൽച്ചൂടിലും വെള്ളം കിട്ടാതെ കോളനി നിവാസികൾ. 5 വർഷം മുൻപ് പണി തുടങ്ങിയ പുതിയ കുന്നുമ്മൽ മീത്തൽ ജലപദ്ധതിയാണ് ഇപ്പോഴും പൂർത്തിയാകാതെ നിൽക്കുന്നത്. 2018ൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച 25 ലക്ഷം രൂപ കൊണ്ടാണ് പദ്ധതി ആരംഭിച്ചത്. വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിന് വേണ്ടി 10 ലക്ഷം രൂപ അടുത്ത വർഷം അനുവദിച്ചിരുന്നു. ടെൻഡർ നടപടികൾ പൂർത്തിയായി 5 വർഷമായിട്ടും പദ്ധതി ലക്ഷ്യം കണ്ടില്ല. തിരുമംഗലത്ത് താഴെ നിലവിലുള്ള കിണറിൽ നിന്നാണ് വെള്ളം പമ്പ് ചെയ്യേണ്ടത്. അവിടെ പമ്പും പമ്പ് ഹൗസും സ്ഥാപിക്കുകയും പുതിയ കുന്നുമ്മൽ മലയിൽ ടാങ്കും ടാങ്കിലേക്കുള്ള പൈപ്പ്ലൈനും സ്ഥാപിച്ചുവെങ്കിലും ജലവിതരണം ആരംഭിച്ചില്ല. വൈദ്യുതി കണക്ഷൻ കിട്ടാൻ വൈകിയത് കാരണമാണ് പദ്ധതി വൈകുന്നതെന്നാണ് കരാറുകാരൻ പറയുന്നത്.

ഇപ്പോൾ വൈദ്യുത കണക്ഷൻ ലഭിച്ചെങ്കിലും പമ്പിങ് തുടങ്ങിയിട്ടില്ല. 4 വർഷം മുൻപ് മണ്ണിനടിയിൽ സ്ഥാപിച്ച പൈപ്പുകൾ പലയിടത്തും പൊട്ടിയിട്ടുണ്ട്. അവ അറ്റകുറ്റപ്പണി ചെയ്യേണ്ടതുണ്ട്. 7 മീറ്ററിലധികം ഉയരമുള്ള ടാങ്കിന്മേൽ കയറാൻ കോണി സ്ഥാപിച്ചിട്ടുമില്ല. പഞ്ചായത്തിലെ 4, 5, 6, 7 എന്നീ വാർഡുകളിൽ വെള്ളം എത്തിക്കാൻ വിഭാവനം ചെയ്ത പദ്ധതിയാണിത്.



# വാദ്യകലാകാരൻമാർക്കു തണൽ; ഒരു കോടിയുമായി സുരേഷ് ഗോപി

**തൃശൂർ:** ക്ഷേത്രവാദ്യ കലാകാരന്മാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവശ്യഘട്ടങ്ങളിൽ സഹായിക്കുന്നതിനുമായി സുരേഷ് ഗോപിയുടെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിക്കുന്നു. താൻ ഒരു കോടി രൂപ നിക്ഷേപിക്കാൻ തയാറാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ മുഴുവൻ കലാകാരൻമാരുടെയും പേരുവിവരങ്ങൾ ശേഖരിക്കാൻ ഇന്നലെ മേളക്കാരുടെയും വിവിധ കമ്മിറ്റി ഭാരവാഹികളുടെയും യോഗത്തിൽ സുരേഷ് ഗോപി നിർദേശിച്ചു. പൂരപ്രേമികളും വാദ്യപ്രേമികളുമായ, നിക്ഷേപിക്കാൻ ശേഷിയുള്ള ആളുകളെക്കണ്ട് അവസ്ഥ ബോധ്യപ്പെടുത്തി അവർ നൽകുന്ന തുക കൂടി ചേർത്ത് വിപുലമായ ഒരു ഫണ്ട് രൂപീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. മേളക്കാരിൽ 80% പേരും 60 ശതമാനത്തോളം ശ്രവണ വൈകല്യമുള്ളവരാണെന്നു വാദ്യകലാ അക്കാദമി പ്രസിഡന്റ് അന്തിക്കാട് പത്മനാഭൻ ശ്രദ്ധയിൽപ്പെടുത്തി.

അനാരോഗ്യകരമായ അവസ്ഥയിലുള്ളവരുടെയും മറ്റു സാമ്പത്തിക സഹായം ആവശ്യമുള്ളവരുടെയും പേരുവിവരങ്ങൾ പ്രത്യേകമായി കാണിക്കാനും സുരേഷ് ഗോപി നിർദേശിച്ചു. മക്കളുടെ പഠനത്തിന് അടക്കം വാദ്യകലാകാരന്മാർക്ക് ഇവിടെനിന്നു സഹായം ചെയ്യാൻ കഴിയണം. എന്നാൽ, മറ്റു വരുമാനങ്ങൾ ഇല്ലാത്തവരെ വേണം സഹായിക്കാൻ. കലാമണ്ഡലത്തിന്റെയോ കേരള സംഗീത നാടക അക്കാദമിയുടെയോ ഭാരവാഹികളെ ഗവേണിങ് ബോഡിയിൽ ഉൾപ്പെടുത്തുന്നതിൽ തെറ്റില്ല. എന്നാൽ, അവിടെ ഭാരവാഹികൾ മാറിമാറി വരുമെന്നതിനാൽ അവർക്ക് കൺസോർഷ്യത്തിന്റെ പ്രവർത്തനം വിട്ടുകൊടുക്കാൻ കഴിയില്ല അദ്ദേഹം പറഞ്ഞു. കേരളത്തിലെ മുഴുവൻ വാദ്യകലാകാരന്മ!ാർക്കും ഇതിന്റെ ഗുണം ലഭിക്കണമെന്നും തൃശൂരിൽ മാത്രമായി ഒതുക്കരുതെന്നും അദ്ദേഹം അഭ്യർഥിച്ചു. ഇതു തന്റെ ചുമതലയായി കരുതിയാണ് ചെയ്യുന്നത്.

ഇതിന്റെ പേരിൽ ഒരു വോട്ടും തനിക്കു വേണ്ട സുരേഷ് ഗോപി വ്യക്തമാക്കി. വാദ്യകലാകാരന്മാർക്കു വേണ്ടി ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ മുന്നോട്ടു വന്നതിനെ അഭിനന്ദിക്കുന്നതായി പെരുവനം കുട്ടൻ മാരാർ പറഞ്ഞു. കിഴക്കൂട്ട് അനിയൻ മാരാരുടെ പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി ചടങ്ങിൽ കേക്കും മുറിച്ചു. പഴുവിൽ രഘു മാരാർ, ശങ്കരംകുളങ്ങര രാധാകൃഷ്ണൻ, തൃപ്രയാർ അനിയൻ മാരാർ, കൊടകര ഉണ്ണി, തൃക്കൂർ അനിൽ, ഏഷ്യാഡ് ശശി, കേളത്ത് സുരേന്ദ്രൻ, പാറമേക്കാവ് ദേവസ്വം സെക്രട്ടറി ജി.രാജേഷ്, തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ.ഗിരീഷ് കുമാർ, ആറാട്ടുപുഴ സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് രാജീവ് മേനോൻ, സതീഷ് മേനോൻ, പൂരപ്രേമി സംഘം പ്രസിഡന്റ് ബൈജു താഴേക്കാട്, സെക്രട്ടറി വിനോദ് കണ്ടേംകാവിൽ എന്നിവർ പങ്കെടുത്തു.

# സുസ്ഥിര നഗരവികസനത്തിന് ഹരിതോർജ സാധ്യതകൾ ഉപയോഗിക്കും: മുഖ്യമന്ത്രി




**തിരുവനന്തപുരം:** അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന സംസ്ഥാനമെന്ന നിലയിൽ സുസ്ഥിര നഗരവികസനത്തിന് പുനരുപയോഗ ഊർജ സാധ്യതകളെ ഉപയോഗിക്കുക എന്നതാണ് സർക്കാർ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അനെർട്ട് സംഘടിപ്പിക്കുന്ന സോളാർ, ഇലക്ട്രിക് വെഹിക്കിൾ എക്സ്പോയും തിരുവനന്തപുരം നഗരത്തെ സോളാർ സിറ്റിയാക്കുന്നതിനുള്ള പ്രവർത്തനോദ്ഘാടനവും നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൻറെ പ്രകൃതി സൗഹൃദ നയത്തിൻറെ മികച്ച മാതൃകയാണ് കൊച്ചി വാട്ടർ മെട്രോ. സംസ്ഥാന സർക്കാർ 1137 കോടി രൂപ ചെലവഴിച്ച് കാർബൺ ബഹിർഗമനമില്ലാത്ത പുനരുപയോഗ സ്രോതസുകൾ ഉപയോഗിക്കുന്ന ഗതാഗത സംവിധാനമാണിത്.

ആദ്യ ഘട്ട സർവേയിലൂടെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്വകാര്യ കെട്ടിടങ്ങളിലും സൗരോർജ നിലയം സ്ഥാപിക്കുന്നതിനുള്ള പുരപ്പുറ സർവേ പൂർത്തിയാക്കി. നഗരത്തിലെ വൈദ്യുതി ഉപയോഗം പൂർണമായും പാരമ്പര്യേതര ഊർജസ്രോതസുകളിൽ നിന്നും നിറവേറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇതിനായി നഗരത്തിനുള്ളിലെ പുരപ്പുറങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ നിലയങ്ങളും മാലിന്യത്തിൽനിന്ന് ഊർജം ഉത്പാദിപ്പിക്കുന്ന പ്ലാൻറുകളും സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി ആൻറണി രാജു മുഖ്യാതിഥിയായി. വി.കെ. പ്രശാന്ത് എംഎൽഎ, സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, കൗൺസിലർ രാഖി രവികുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി.സി. അനിൽ കുമാർ, എനർജി മാനേജ്മെൻറ് സെൻറർ ഡയറക്ടർ ഡോ.ആർ. ഹരികുമാർ,അനെർട്ട് സിഇഒ നരേന്ദ്രനാഥ് വേളൂരി, ചീഫ് ടെക്നിക്കൽ മാനേജർ അനീഷ് എസ്. പ്രസാദ് എന്നിവർ സംബന്ധിച്ചു.

## മഴക്കാല തയ്യാറെടുപ്പുപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** മഴക്കാല തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്താൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ജൂൺ 4ന് മൺസൂൺ തുടങ്ങുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്. മഴയുടെ ലഭ്യതയിൽ പ്രവചനാതീതസ്വഭാവം പ്രതീക്ഷിക്കുന്നതിനാൽ ജില്ലകളിലെ മഴക്കാല തയ്യാറെടുപ്പ് പ്രവർത്തനങ്ങളുടെ അവലോകനം ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആദ്യആഴ്ചയിൽ പ്രത്യേകമായി നടത്തണം. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെയോ ജില്ലാകളക്ടർമാരുടെയോ നേതൃത്വത്തിൽ ഇത്തരത്തിൽ യോഗം ചേരണം. അതിൽ ഓരോപ്രവർത്തികളുടെയും പുരോഗതി അവലോകനം ചെയ്യണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരുസ്ഥലം/കെട്ടിടം കണ്ടെത്തുകയും രക്ഷാപ്രവർത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ വാങ്ങിയോ, മഴക്കാലത്തേക്ക് വാടകയ്ക്ക് എടുത്തോ ശേഖരിച്ച് വെക്കണം. ആപതാമിത്ര, സിവിൽ ഡിഫൻസ് തുടങ്ങിയ പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരെ അഗ്നി സുരക്ഷാ വകുപ്പിൻറെ മേൽനോട്ടത്തിൽ ഈ കേന്ദ്രവുമായി ബന്ധിപ്പിക്കണം.

ഈ കേന്ദ്രത്തിൻറെ ദൈനംദിന മേൽനോട്ടം തദ്ദേശ സ്ഥാപനത്തിനായിരിക്കും. അപകടങ്ങൾ ഉണ്ടാവുമ്പോൾ സമയനഷ്ടംകൂടാതെ പ്രാദേശികമായി രക്ഷാപ്രവർത്തനം ആരംഭിക്കാൻ ഇത് ഗുണകരമാവും. ഇതിനാവശ്യമായ തുക ദുരന്തപ്രതികരണനിധിയിൽ നിന്ന് അനുവദിക്കും.

ഓരോ ഗ്രാമപഞ്ചായത്തിനും 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 3 ലക്ഷംരൂപയും കോർപറേഷന് 5 ലക്ഷം രൂപ വരെയും സംസ്ഥാന ദുരന്തനിവാരണഅതോറിറ്റി നിർദേശിക്കുന്ന ഉപകരണങ്ങൾ വാങ്ങുവാനും സംഭരണകേന്ദ്രം ആരംഭിക്കുന്നതിനും, ഈ വർഷം നടത്തുന്നതിനുമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് ആവശ്യാനുസരണം അനുവദിക്കും. കൂടുതലായി ഉപകരണങ്ങൾ ആവശ്യമായി വന്നാൽ തദേശ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ സ്വരൂപിക്കണം. ഉപകരണങ്ങൾ വാങ്ങുന്നുവെങ്കിൽ മഴക്കാല ശേഷം അഗ്നി സുരക്ഷാ വകുപ്പിൻറെ മേൽനോട്ടത്തിൽ പുനരുപയോഗിക്കാവുന്ന തരത്തിൽ സൂക്ഷിക്കണം.

അതിതീവ്രമഴ ലഭിച്ചാൽ നഗരമേഖകളിൽ വെള്ളക്കെട്ട് രൂപപ്പെടാനുള്ള സാധ്യത മുൻകൂട്ടികണ്ട് ഡ്രെയിനേജ് സംവിധാനങ്ങൾ വൃത്തിയാക്കി വെള്ളത്തിൻറെ ഒഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം. ഇവ മോണിറ്റർ ചെയ്യാൻ എല്ലാ ജില്ലകളിലും പ്രത്യേകം സംവിധാനം രൂപീകരിക്കണം.

കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങൾ അതിതീവ്രമഴ പെയ്താൽ രൂക്ഷമായ വെള്ളക്കെട്ട് രൂപം കൊള്ളാൻ സാധ്യതയുള്ളവയാണ്. ഓപ്പറേഷൻ ബ്രേക്ക്ത്രൂ, ഓപ്പറേഷൻ അനന്ത തുടങ്ങിയവക്ക് തുടർച്ചയുണ്ടാവണം. അവയുടെ നിലവിലെ അവസ്ഥ പരിശോധിച്ച് അടിയന്തരമുൻകരുതലുകൾ എടുക്കേണ്ടതുമുണ്ട്.

### മഞ്ചേരി ഗവ. മെഡിക്കൽ കോളജിൽ നിയമനം

**മഞ്ചേരി:** ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ഓഡിയോളജിസ്റ്റ്, സ്റ്റാഫ് നഴ്സ്, നഴ്സിങ് അസിസ്റ്റന്റ്, കാത്ത്ലാബ് സ്റ്റാഫ് നഴ്സ് തസ്തികകളിൽ ദിവസ താത്കാലിക നിയമനം നടത്തുന്നു. സർക്കാർ അംഗീകൃത ബി.എ.എസ്.എൽ.പി ഡിഗ്രി, ആർ.സി.ഐ രജിസ്ട്രേഷൻ എന്നിവയാണ് ഓഡിയോളജിസ്റ്റിന് വേണ്ട യോഗ്യത. സ്റ്റാഫ് നഴ്സിന് അപേക്ഷിക്കുന്നവർ സർക്കാർ അംഗീകൃത ജി.എൻ.എം അല്ലെങ്കിൽ ബി.എസ്.സി നഴ്സിങ് വിജയിച്ചവരായിരിക്കണം. കേരള നഴ്സിങ് കൗൺസിലിന്റെ രജിസ്ട്രേഷൻ നിർബന്ധമാണ്. എ.എൻ.എം കോഴ്സ് വിജയവും മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയവുമാണ് നഴ്സിങ് അസിസ്റ്റന്റിന്റെ യോഗ്യത. കാത്ത്ലാബ് സ്റ്റാഫ് നഴ്സിന് അപേക്ഷിക്കുന്നവർ സർക്കാർ അംഗീകൃത ജി.എൻ.എം, ബി.എസ്.സി നഴ്സിങ് കോഴ്സ് വിജയിച്ചിരിക്കണം. കേരള നഴ്സിങ് കൗൺസിലിന്റെ രജിസ്ട്രേഷനും കാത്ത്ലാബ് പ്രവൃത്തി പരിചയവും നിർബന്ധമാണ്. ഓഡിയോളജിസ്റ്റ് തസ്തികയിലേക്ക് ജൂൺ അഞ്ചിന് രാവിലെ പത്തിനും സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് ജൂൺ ആറിന് രാവിലെ പത്തിനും നഴ്സിങ് അസിസ്റ്റന്റ് തസ്തികയിലേക്ക് ജൂൺ എട്ടിന് രാവിലെ പത്തിനും കാത്ത്ലാബ് സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് ജൂൺ 12ന് രാവിലെ പത്തിനും അഭിമുഖം നടക്കും. താത്പര്യമുള്ള 45 വയസ്സ് തികയാത്ത യോഗ്യതയുള്ള ഉദ്യോഗാർഥികൾ നിശ്ചിത തീയതികളിൽ രാവിലെ 9.30ന് ആശുപത്രി സൂപ്രണ്ട് ഓഫീസിൽ ഹാജരാകണം. ഫോൺ: 0483 2762037 .

### വാക് ഇൻ ഇന്റർവ്യൂ

**ചാലക്കുടി:** മോഡൽ റെസിഡൻഷ്യൽ സ്കൂളിലേക്ക് 2023 24 അദ്ധ്യയന വർഷത്തിലേക്ക് ചിത്രരചന , നൃത്തം, യോഗ, കരാട്ടെ, ബാൻഡ് , കമ്മ്യൂണികേറ്റീവ് ഇംഗ്ലീഷ് എന്നീ ഇനങ്ങളിലേക്ക് പരിശീലകരെ തെരഞ്ഞെടുക്കാനായി ജൂൺ രണ്ടിന് രാവിലെ 11 മണിക്ക് എം ആർ എസ് ചാലക്കുടി ( നായരങ്ങാടി) യിൽ വെച്ച് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന ഒർജിനൽ രേഖകൾ, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം ഹാജരാകണം. പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 0480 2960400, 0480 2706100.

### അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ദൃശ്യ മാധ്യമരംഗത്തെ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് സി ഡിറ്റിൽ അപേക്ഷ ക്ഷണിച്ചു. മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും ആറു മാസത്തെ ഡിപ്ലോമ കോഴ്സുകൾക്കും ജൂൺ 25 വരെ അപേക്ഷിക്കാം.

സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നോൺ ലീനിയർ എഡിറ്റിംഗ് , സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോഗ്രഫി , സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി, ഡിപ്ലോമ ഇൻ ഡിജിറ്റൽ വീഡിയോ എഡിറ്റിംഗ്.,ഡിപ്ലോമ ഇൻ ഡിജിറ്റൽ വിഡിയോഗ്രാഫി, എന്നീ കോഴ്സുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

ഓരോ കോഴ്സുകൾക്കും 20 സീറ്റുകൾ വീതമാണുള്ളത്. വിശദവിവരങ്ങൾക്ക് www.mediastudies.cdit.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് സിഡിറ്റിൻറെ തന്നെ വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷനിൽ താൽക്കാലിക അവസരങ്ങൾ ലഭ്യമാകും. ഫോൺ 9895788155/8597720167.

### തൊഴിലധിഷ്ഠിത കോഴ്സുകൾ

**തിരുവനന്തപുരം:** സിഡിറ്റ് സംഘടിപ്പിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നോൺ ലീനിയർ എഡിറ്റിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോഗ്രഫി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി, ഡിപ്ലോമ ഇൻ ഡിജിറ്റൽ വീഡിയോ എഡിറ്റിംഗ്., ഡിപ്ലോമ ഇൻ ഡിജിറ്റൽ വിഡിയോഗ്രാഫി എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ഓരോ കോഴ്സുകൾക്കും 20 സീറ്റുകൾ വീതം ഉണ്ട്. വിശദവിവരങ്ങൾക്ക് www.mediastudies.cdit.org സന്ദർശിക്കുക. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സിഡിറ്റിന്റെ വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷനിൽ താത്കാലിക അവസരങ്ങൾ ലഭ്യമാക്കും.

(ഫോൺ 9895788155/8597720167).

### ആസൂത്രണ സമിതി യോഗം ജൂൺ മൂന്നിന്

**കൊല്ലം:** 202324 വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം നൽകുന്നതിനായി ജില്ലാ ആസൂത്രണ സമിതി യോഗം ജൂൺ മൂന്നിന് ഉച്ചയ്ക്ക് രണ്ടിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

# പൊതുസേവന മേഖല അഴിമതിരഹിതവും കാര്യക്ഷമവുമാക്കും : മന്ത്രി കെ രാധാകൃഷ്ണൻ

**വടക്കാഞ്ചേരി:** പൊതുസേവന മേഖല അഴിമതിരഹിതവും കാര്യക്ഷമവുമാക്കുമെന്നും കൈക്കൂലി വാങ്ങുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും പട്ടികജാതി പട്ടികവർഗ പിന്നോക്കക്ഷേമ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ നിർമാണം പൂർത്തീകരിച്ച ഓഫീസുകളുടെ ഉദ്ഘാടനവും പി എം എ വൈ ആവാസ് പ്ലസ് പദ്ധതിയിൽ നിർമാണം പൂർത്തീകരിച്ച ഭവനങ്ങളുടെ താക്കോൽദാനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങൾക്ക് ലഭിച്ച അധികാരവും സമ്പത്തും ഉപയോഗിച്ച് ജനങ്ങൾക്ക് മികച്ച സേവനം എത്തിക്കുന്നതിൽ മത്സരിക്കണം. വളരെ മികച്ച മത്സരമാണ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് നടത്തിയിരിക്കുന്നത്. ഓഫീസുകൾ പ്രവർത്തിക്കുന്നത് ജനങ്ങൾക്ക് വേണ്ടിയാകണമെന്നും പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ നല്ല രീതിയിൽ പരിഹാരം കാണാനാകണമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ സേവ്യർ ചിറ്റിലപ്പള്ളി എംഎൽഎ അധ്യക്ഷനായി. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ബിഡിഒ എം ഹരിദാസ് റിപ്പോർട്ട് അവതരിപ്പിച്ചു.

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഓഫീസുകളുടെ സേവനം ഇനിമുതൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ തന്നെ ലഭ്യമാകും. പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന ഓഫീസുകളിൽ 53.90 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ലിഫ്റ്റ് സൗകര്യത്തോടു കൂടിയ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും 12.02 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വനിത ശിശു വികസന പദ്ധതി ഓഫീസും 12.01 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ക്ഷീരവികസന ഓഫീസു



മാണ് മന്ത്രി നാടിന് സമർപ്പിച്ചത്.

പി എം എ വൈ അവാസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിലെ രമ്യാ നിഷാന്ത്, വരവൂർ ഗ്രാമപഞ്ചായത്ത് വാർഡ് എട്ടിലെ ആരിഫ ബഷീർ പടലക്കോട്ടിൽ, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പെരുമത്ത് വീട്ടിൽ രതീഷ് പ്രതിഭ, ദേശമംഗലം ഗ്രാമപഞ്ചായത്ത് വാർഡ് 11 ലെ കൊലവൻ വീട്ടിൽ അമ്മു, തെക്കുംകര ഗ്രാമപഞ്ചായത്ത് വാർഡ് 15 ലെ ലീല കുട്ടൻ താണിക്കൽ തുടങ്ങിയ ഗുണഭോക്താക്കൾക്ക് ഭവനങ്ങളുടെ താക്കോൽ കൈമാറൽ ചടങ്ങും നടന്നു.

202223 വർഷത്തെ ദേശീയ സമ്പാദ്യ പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയ എം പി കെ ബി വൈ ഏജന്റ് മാരായ പി കെ ജയന്തി, എൻ എൽ അൽഫോൺസ, എം കെ പാറുക്കുട്ടി, പി അംബിക തുടങ്ങിയവരെയും മികച്ച കർഷകരായ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ തെക്കുംകര വിളക്കത്തല നാരായണൻ നായർ, വടക്കാഞ്ചേരി നഗരസഭയിലെ ചിറ്റിലപ്പിള്ളി അജു സി ജേക്കബ്, തെക്കുംകര ഗ്രാമപഞ്ചായത്തിലെ വിരോലിപാടം എഴുത്തച്ഛൻ വളപ്പിൽ മോഹനൻ, വരവൂർ ഗ്രാമപഞ്ചായത്തിലെ കൊറ്റുപുറം കനകം, ദേശമംഗലം ഗ്രാമപഞ്ചായത്തിലെ വാളോരി വീട്ടിൽ ഗോപാലകൃഷ്ണൻ നായർ, എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ പട്ടില പുഴങ്ങര രാമനുണ്ണി മേനോൻ, വടക്കാഞ്ചേരി നഗരസഭയിലെ കുമ്പളങ്ങാട് ഇല്ലിക്കോട്ടിൽ ഇ എ സതീശൻ. ക്ഷീരകർഷകരായ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഗോപു നന്ദിലത്ത് പൂത്തോൾ, വരവൂർ ഗ്രാമപഞ്ചായത്തിലെ പി എൻ രേഖ, വരവൂർ ഗ്രാമപഞ്ചായത്തിലെ വസന്തകുമാരി തുടങ്ങിയവരെ ആദരിച്ചു.

മികച്ച വർണ്ണക്കൂട്ട് അങ്കണവാടിയായി തെരഞ്ഞെടുത്ത എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ശങ്കരങ്കാവ് അങ്കണവാടിയെയും അനുമോദിച്ചു.

ചടങ്ങിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ വി നഫീസ, എഡിഎ എൻ കെ അജിത്ത് മോഹൻ, പഞ്ചായത്ത് പ്രസിഡണ്ടുമാരായ എസ് ബസന്ത് ലാൽ, പി പി സുനിത, ടി വി സുനിൽകുമാർ, കെ ജയരാജ്, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി വി സുനിൽകുമാർ, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ജലീൽ ആദൂർ, പി സാബിറാ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിൽ കമ്മിറ്റി ചെയർപേഴ്സൺ മാരായ എം കെ ശ്രീജ, വി ജി ദിപു പ്രസാദ്, പുഷ്പ രാധാകൃഷ്ണൻ, പി എ യു പ്രൊജക്റ്റ് ഡയറക്ടർ സറീന റഹ്മാൻ, തൃശ്ശൂർ പ്രിൻസിപ്പാൾ കൃഷി ഓഫീസർ സൈജ ജോസ്, തൃശ്ശൂർ ജില്ലാ വനിത ശിശു വികസന ഓഫീസർ പി മീര, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എൻ വീണ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഈ വർഷത്തോടെ സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും വൈദ്യുതീകരിക്കുമെന്ന് മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും ഈ വർഷത്തോടെ സമ്പൂർണമായി വൈദ്യുതീകരിക്കുമെന്ന് സംസ്ഥാന വനിതാശിശു വികസന മന്ത്രി വീണാ ജോർജ്. പുതിയ അധ്യയന വർഷത്തെ അങ്കണവാടി പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പൂജപ്പുരയിലെ സ്മാർട്ട് അങ്കണവാടിയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് 33,115 അങ്കണവാടികളാണുള്ളത്. ഇതിൽ 2500 ഓളം അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ലാത്തവയായിരുന്നു. എന്നാൽ ഇപ്പോൾ വൈദ്യുതീകരിക്കാത്തവയുടെ എണ്ണം 200 താഴെ മാത്രമാണ്. ആ അങ്കണവാടികളിൽ കൂടി വൈദ്യുതി എത്തിച്ച് ഈ വർഷം തന്നെ സമ്പൂർണ വൈദ്യുതീകരണം നടപ്പാക്കുമെന്ന് മന്ത്രി ഉറപ്പുനൽകി. ആദിവാസി മേഖലകളിൽ ഉൾപ്രദേശങ്ങളിലുള്ള, വൈദ്യുതി ലൈൻ വലിക്കാൻ ബുദ്ധിമുട്ടുള്ള അങ്കണവാടികളിലേക്ക് കെ.എസ്.ഇ.ബിയുടെ സൗരോർജ പാനൽ ഉപയോഗിച്ച് വെളിച്ചമെത്തിക്കും. അങ്കണവാടികളിൽ ആഴ്ചയിൽ രണ്ട് ദിവസം മുട്ടയും പാലും വിതരണം ചെയ്യുന്നത് എല്ലാ ദിവസവുമാക്കി മാറ്റുമെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് 30 ൽ അധികം സ്മാർട്ട് അങ്കണവാടികളാണുള്ളത്. സ്മാർട്ട് അങ്കണവാടികളുടെ എണ്ണം കൂട്ടാനും പദ്ധതിയുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും വകുപ്പിന്റേയും എം.എൽ.എ, എം.പി ഫണ്ടുകളും പ്രയോജനപ്പെടുത്തും. കെട്ടുറപ്പുള്ള കെട്ടിടം, കുട്ടികളുടെ മാനസികശാരീരിക വളർച്ചക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കൽ, കളി ഉപകരണങ്ങൾ ലഭ്യമാക്കൽ എന്നിവയാണ് സ്മാർട്ട് അങ്കണവാടി കൊണ്ട് ഉദ്ദേശിക്കുന്നത്.മൂന്നു മുതൽ ആറു വരെ പ്രായത്തിലുള്ള കുരുന്നുകളുടെ വളർച്ച അവരുടെ ഭാവി നിർണയിക്കുന്നതിൽ പ്രധാനപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞാണ് അങ്കണവാടികളിൽ സർക്കാർ പ്രത്യേകം സൗകര്യങ്ങളും ശ്രദ്ധയും മാനസിക ഭൗതിക വികാസത്തിന് അനുസൃതമായ സംവിധാനങ്ങളും ഒരുക്കിയിട്ടുള്ളതെന്ന് മന്ത്രി വ്യക്തമാക്കി.

എല്ലാ ജില്ലകളിലും ചൊവ്വാഴ്ച അങ്കണവാടി പ്രവേശനോത്സവം നടന്നു. ചിരിക്കിലുക്കം എന്ന് പേരിട്ട അങ്കണവാടി പ്രവേശനോത്സവ പരിപാടിയിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. പുതുതായി അങ്കണവാടിയിലേക്ക് എത്തിയ കുരുന്നുകളെ മധുരവും പ്ലാവില കൊണ്ടുള്ള തലപ്പാവും കളിക്കോപ്പുകളും മറ്റും നൽകി ഇരു മന്ത്രിമാരും സ്വീകരിച്ചു.

എല്ലാ കുട്ടികളുടെയും കഴിവുകൾ പരിഗണിക്കാതെ അവരുടെ ഉല്ലാസത്തിനും വികാസത്തിനും തുല്യഅവസരം ലഭിക്കേണ്ടത് ഉറപ്പുവരുത്തണമെന്ന് മന്ത്രി ശിവൻകുട്ടി ചൂണ്ടിക്കാട്ടി. കുരുന്നുകൾക്ക് കൃത്യമായ ഉല്ലാസ പാഠങ്ങൾ പകർന്നു നൽകാൻ പ്രീപ്രൈമറി അധ്യാപകർക്ക് ഫലപ്രദമായ പരിശീലനം നൽകേണ്ടതുണ്ട്.പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ പ്രിയങ്ക ജി എന്നിവർ പങ്കെടുത്തു.

# കെ എസ് എഫ് ഇ ചിട്ടികൾക്കും വായ്പകൾക്കും സർക്കാരാണ് ഗ്യാരണ്ടി: മന്ത്രി കെ. എൻ. ബാലഗോപാൽ

**ഉപ്പുതറ:** കെ എസ് എഫ് ഇ യിൽ ചിട്ടികൾക്കും വായ്പകൾക്കും സർക്കാരാണ് ഗ്യാരണ്ടിയെന്ന് ധനകാര്യ വകുപ്പ് മന്ത്രി അഡ്വ. കെ. എൻ. ബാലഗോപാൽ. കെ എസ് എഫ് ഇ ഉപ്പുതറ മൈക്രോശാഖയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ജനങ്ങൾക്ക് ഏറ്റവും സഹായകരമായ സ്ഥാപനവും ആവശ്യക്കാർക്ക് സുരക്ഷിതമായി വായ്പ ലഭ്യമാക്കുന്ന സംവിധാനവുമാണ് കെ എസ് എഫ് ഇ യിലുള്ളത്. സ്വകാര്യ സ്ഥാപനത്തിലെ പലിശയേക്കാൾ ലാഭകരമായ പലിശ നിരക്കിൽ വായ്പ ലഭിക്കും. കെ എസ് എഫ് ഇ യുടെ പുതിയ ചുവടു വയ്പാണ് മൈക്രോ ശാഖ. പൂർണമായ വലിയ ബ്രാഞ്ചുകളെ പോലെ തന്നെ എല്ലാ കെ എസ് എഫ് ഇ ഇടപാടുകളും നടത്താൻ കഴിയുന്ന ശാഖകളാണ് മൈക്രോ ശാഖകളെന്ന് മന്ത്രി പറഞ്ഞു. ഇടുക്കിയിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങളിൽ പരിഹാരത്തിനായി സർക്കാർ ശ്രമങ്ങൾ നടത്തുന്നുണ്ട്. പരിസ്ഥിതി നശിപ്പിക്കാതെ ജനങ്ങൾക്ക് ജീവിക്കാനുള്ള സാഹ




ചര്യം ഒരുക്കുക എന്ന സമീപനമാണ് സർക്കാരിന്റേത്. അത്തരം വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ഉപ്പുതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് കെ ജേക്കബ് അധ്യക്ഷത വഹിച്ചു. കട്ടപ്പന മേഖലയുടെ കീഴിൽ ആരംഭിക്കുന്ന ശാഖ ഉപ്പുതറ പാലം ജംഗ്ഷനിൽ പാറയിൽ ബിൽഡിങ്ങിലാണ് പ്രവർത്തനമാരംഭിച്ചത്. കെ. എസ്. എഫ്. ഇ. 52 വർഷം പിന്നിടുന്ന സാഹചര്യത്തിലാണ് മൈക്രോ ശാഖകൾ ആരംഭിക്കുന്നത്. കുറഞ്ഞ പലിശനിരക്കിൽ സ്വർണ്ണപ്പണയ വായ്പകൾ ഉൾപ്പെടെ വിവിധതരം വായ്പ ചിട്ടി സേവനങ്ങൾ ഈ ശാഖയിൽ ലഭിക്കും.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആശാ ആന്റണി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയ്മോൾ ജോൺസൺ, ഉപ്പുതറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സിനി ജോസഫ്, ഗ്രാമപഞ്ചായത്ത് അംഗം സാബു ജോസഫ് വേങ്ങവേലിൽ, സിഡിഎസ് ചെയർപേഴ്സൺ റോസമ്മ ഫ്രാൻസിസ്, കെ എസ് എഫ് ഇ ചെയർമാൻ കെ വരദരാജൻ, മാനേജിങ് ഡയറക്ടർ എസ് കെ സനിൽ, വിവിധ സാമൂഹ്യ രാഷ്ട്രീയ ഉദ്യോഗസ്ഥ പ്രതിനിധികളായ എം ജെ വാവച്ചൻ, ലാൽ എബ്രഹാം, ജോർജ് ജോസഫ്, കെ കെ രാജപ്പൻ, സിബി ജോസഫ്, ഷമീർ മുഹമ്മദ്, ജയമോൻ കുരുവിള തുടങ്ങിയവർ പങ്കെടുത്തു.

# സ്കൂളുകൾ തുറക്കുന്നു; പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുമായി പോലീസ്

**കൊച്ചി:** പുതിയ അധ്യായന വർഷം ആരംഭിക്കുമ്പോൾ കരുതലോടെ എറണാകുളം റൂറൽ ജില്ലാ പോലീസ്. സ്കൂളുകൾ കേന്ദ്രീകരിച്ച് പുതിയ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ ആരംഭിക്കാനുള്ള നടപടി തുടങ്ങിയതായി ജില്ലാ പോലീസ് മേധാവി വിവേക് കുമാർ പറഞ്ഞു. സ്കൂൾ പരിസരത്ത് ഗതാഗത സുരക്ഷയൊരുക്കുക, മയക്കു മരുന്ന് പദാർത്ഥങ്ങൾ, അശ്ലീല പ്രസിദ്ധീകരണങ്ങൾ, പുകയില ഉൽപ്പന്നങ്ങൾ, ലഹരിപാനീയങ്ങൾ, പാൻമസാല തുടങ്ങിയവയുടെ വിൽപ്പന ഉപയോഗം എന്നിവസംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുക. സ്കൂൾ സമയം അവസാനിക്കുന്നതിന് മുമ്പ് സ്കൂളിൽ നിന്ന് പോകുന്ന വിദ്യാർത്ഥികളെക്കുറിച്ചും, ക്ലാസുകൾ അവസാനിച്ച ശേഷം വീടുകളിൽ പോകാതെ നടക്കുന്ന വിദ്യാർത്ഥികളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുക , ചൂഷണം ലക്ഷ്യമാക്കി കുട്ടികളുമായി ചങ്ങാത്തം കൂടുന്നവരെ നിരീക്ഷിക്കുക, അവരെ നിയമവിരുദ്ധമോ അധാർമികമോ ആയ പ്രവർത്തനങ്ങൾക്ക് വിനയോഗിക്കുന്നുണ്ടോ എന്നും നിരീക്ഷിച്ച് അധികാരികളെ അറിയിക്കുക, സ്കൂൾ പ്രവർത്തിക്കാത്ത സമയത്ത് സ്കൂൾ പരിസരത്തുള്ള അപരിചിതരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക തുടങ്ങിയവയാണ് എസ്.പി.ജി ഗ്രൂപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. സ്ഥാപനത്തിന്റെ തലവൻ അല്ലെങ്കിൽ പി.ടി.എ പ്രസിഡന്റ്, സ്റ്റേഷൻ ഹൗസ് ഓഫീസർ, പോലീസ് ഉദ്യോഗസ്ഥൻ,വാർഡ് മെമ്പർ അല്ലെങ്കിൽ കൗൺസിലർ , സ്കൂൾ ലീഡർ, മാതാപിതാക്കൾ, രണ്ട് അധ്യാപകർ, വ്യാപാരി, ഓട്ടോ ഡ്രൈവർ, ജാഗ്രതാ സമിതിയുടേയോ എസ്.പി.സി യുടേയോ പ്രതിനിധി, പ്രദേശത്തെ മറ്റ് മാന്യ വ്യക്തിത്വങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയാണ് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ ആരംഭിക്കുന്നത്.എം.വി.ഡിയുമായ് ചേർന്ന് പോലീസ് സ്കൂൾ വാഹനങ്ങളുടെ പരിശോധന പൂർത്തിയാക്കി. വിദ്യാർത്ഥികളെ കൊണ്ടുവരുന്ന മറ്റ് വാഹനങ്ങളുടെ ചെക്കിംഗ് ഉടനെ ആരംഭിക്കും. സ്കൂൾ ഡ്രൈവർമാരുടെയും , കുട്ടികളെ എത്തിക്കുന്ന മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാരുടെയും വിവരങ്ങൾ തയ്യാറാക്കി സ്റ്റേഷനിൽ സൂക്ഷിക്കും. ലഹരി വസ്തുവിൽപ്പനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും. പി.ടി.എ യുമായി ചേർന്ന് പോലീസ് സ്കൂൾ പരിസരം വൃത്തിയാക്കി വരുന്നു. കൂടുതൽ തിരക്കുള്ള സ്ഥലത്ത് ഗതാഗതം നിയന്ത്രിക്കാൻ പോലീസിനെ നിയോഗിക്കുമെന്നും എസ്.പി വിവേക് കുമാർ പറഞ്ഞു.

# സെപ്ടേജ് മാലിന്യം സംസ്കരിക്കൽ: ഓൺലൈൻ സംവിധാനം പ്രവർത്തിച്ചു തുടങ്ങി

**കൊച്ചി:** കൊച്ചി നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ സെപ്ടേജ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, അനധികൃതമായി സെപ്റ്റേജ് മാലിന്യം ശേഖരിച്ച് പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും തള്ളുന്നത് തടയുന്നതിനും വേണ്ടിയുള്ള ഓൺലൈൻ സംവിധാനം കൊച്ചി നഗരസഭ ആരംഭിച്ചു. സെപ്റ്റേജ് മാലിന്യം നീക്കം ചെയ്യുവാനുള്ള സേവനം ആവശ്യമുള്ളവർക്ക് ഓൺലൈനായി ബുക്ക് ചെയ്യുവാൻ മൈ കൊച്ചി (http://mykochi.lsgkerala.gov.in) എന്ന വെബ് പോർട്ടലിൽ സൗകര്യം ഉണ്ടാകും. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള സംശയങ്ങൾക്കായി 9995433431 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്നതിന് ഉപഭോക്താവിന് സൗകര്യപ്രദമായ സമയം തെരഞ്ഞെടുക്കുന്നതിനുമുള്ള സൗകര്യവും ഉണ്ട്. മാലിന്യ ശേഖരണം മുതൽ സംസ്കരണം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും സോഫ്ട് വെയറിന്റെ സഹായത്തോടെ മോണിട്ടർ ചെയ്താണ് പദ്ധതി നടപ്പിലാക്കുന്നത്. കോർപ്പറേഷന്റെ ബ്രഹ്മപുരം, വില്ലിംഗ്ടൺ ഐലൻറ്, എളംകുളം എന്നീ പ്ലാൻറുകളിലായി പ്രതിദിനം 5060 ലോഡ് വരെ ഓരോ ദിവസവും മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ലൈസൻസ് നൽകിയിരിക്കുന്ന എല്ലാ വാഹനങ്ങളിലും ജി.പി.എസ് സംവിധാനം ഘടിപ്പിച്ചിട്ടുണ്ട് ,കൂടാതെ നഗരസഭാ ബൈലോയ്ക്ക് വിധേയമായി വാഹനങ്ങൾ മാറ്റം വരുത്തിയാണ് ലൈസൻസ് നൽകിയിരിക്കുന്നത് .

# തീരപ്രദേശങ്ങളിൽ മണൽകൊണ്ടുള്ള തട നിർമ്മാണം ഉടൻ തുടങ്ങും

**കൊച്ചി:** ജില്ലയിലെ തീരപ്രദേശങ്ങളിൽ മണൽകൊണ്ടുള്ള തട നിർമ്മാണം ഉടൻ തുടങ്ങും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന്റെയും ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെയും നേതൃത്വത്തിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റി യോഗത്തിലാണ് തീരുമാനം. മഴക്കാലപൂർവ്വ മുന്നൊരുക്കങ്ങളിൽ തീരപ്രദേശങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം. ചെല്ലാനത്തെ ജിയോ ബാഗ് കടൽഭിത്തി നിർമ്മാണം പുരോഗമിക്കുകയാണ്. ടെട്രാപോഡ് നിർമ്മാണ പ്രവർത്തനങ്ങളും മുല്ലശ്ശേരി കനാൽ ശുചീകരണ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. ഓപ്പറേഷൻ ബ്രേക്ക് ത്രൂവിന്റെ ഭാഗമായി ചെന്നൈ മോഡലിൽ മെഷിനറികൾ വാങ്ങാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.എല്ലാ പഞ്ചായത്തുകളും മഴക്കാലപൂർവ്വ മുന്നൊരുക്ക നടപടികൾ സ്വീകരിക്കണം. മഴക്കാലത്തെ വെള്ളപ്പൊക്ക ഭീഷണി മുൻനിർത്തി സന്നദ്ധ പ്രവർത്തകർക്കും മറ്റ് ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകി. പി.ഡബ്ല്യു.ഡിയും ഫയർ ആൻഡ് സേഫ്റ്റി ഉദ്യോഗസ്ഥരും പോലീസും ചേർന്ന് ജില്ലയിലെ തൂക്കുപാലങ്ങൾ പരിശോധിക്കണം. അനധികൃതമായി പ്രവർത്തിക്കുന്ന പടക്ക നിർമ്മാണശാലകൾ കണ്ടെത്താനും നടപടികൾ സ്വീകരിക്കാനും യോഗത്തിൽ




തീരുമാനമായി. സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷ ഉറപ്പാക്കണം. വിദ്യാലയങ്ങളിലെ ദുരന്തനിവാരണ കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും യോഗം നിർദ്ദേശിച്ചു.ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദു മോൾ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എസ് ശ്രീദേവി, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ പി.എം ഷെഫീഖ്, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ യശോദ ദേവി, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ടി.എം സുനിത, ജില്ലാ ഫയർ ഓഫീസർ എ.ഹരികുമാർ, എസ്.പി രാജേഷ് കുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# വായനാശീലം വളർത്താൻ ചൂർണ്ണിക്കരയിൽ അക്ഷരദീപം പദ്ധതി



**കൊച്ചി:** സ്ത്രീകളിലും കുട്ടികളിലും വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ അക്ഷരദീപം പദ്ധതിയുമായി ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്. കുടുംബശ്രീയുടെയും പഞ്ചായത്ത് ലൈബ്രറിയുടെയും സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനം വായനയുടെ പ്രാധാന്യം മനസിലാക്കി തികച്ചും സൗജന്യമായി പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,25,000 രൂപ വകയിരുത്തിയാണ് വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ വാങ്ങിയത്. വായനക്കാർ പുസ്തകങ്ങൾ തേടി എത്താത്ത സാഹചര്യങ്ങളിൽ പുസ്തകങ്ങൾ വായനക്കാരുടെ വീടുകളിൽ എത്തിക്കുന്നതാണ് പദ്ധതി. അതിനായി പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക പരിശീലനം നൽകിയ 57 വോളണ്ടിയേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇവരാണ് പുസ്തകങ്ങളുമായി ഓരോ ആഴ്ചയിലും വീടുകളിൽ എത്തുന്നത്. ഓരോ വോളണ്ടിയറിനും നിശ്ചിത പുസ്തകങ്ങൾ അടങ്ങിയ പുസ്തക സഞ്ചി നൽകിയിട്ടുണ്ട്. 800 വീടുകളിൽ ആഴ്ചയിൽ ഒരിക്കൽ ഒരു ബുക്ക് എന്ന നിലയിലാണ് വിതരണം. എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച പുസ്തക കിറ്റുകൾ ലൈബ്രറിയിൽ വന്ന് മാറ്റിയെടുക്കാം. അതിനായി പഞ്ചായത്ത് ലൈബ്രറി അന്നേ ദിവസം പകൽ മുഴുവൻ തുറന്നു പ്രവർത്തിക്കും.ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും സ്വാധീനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് സ്ത്രീകളിലും കുട്ടികളിലും വായന പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി ചൂർണ്ണിക്കര പഞ്ചായത്തിൽ ആരംഭിച്ചതെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു.

# അതിഥി തൊഴിലാളികളുടെ ആധാർ പുതുക്കൽ ഉറപ്പാക്കണം

**കൊച്ചി:** ജില്ലയിൽ അതിഥി തൊഴിലാളികളുടെ ആധാർ പുതുക്കൽ നടപടികൾ ഉറപ്പാക്കണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർദേശിച്ചു. അതിഥി തൊഴിലാളികളുടെ ആധാർ പുതുക്കലുമായി ബന്ധപ്പെട്ട് ചേർന്ന പ്ലൈവുഡ് കമ്പനി ഉടമകളുടെയും തടിമില്ല് ഉടമകളുടെയും യോഗത്തിലാണ് കളക്ടറുടെ നിർദേശം. ഇവരുടെ ആധാർ പുതുക്കൽ കൃത്യമായി നടപ്പിലാക്കാൻ തൊഴിലിടങ്ങളിൽ തന്നെ ആധാർ അപ്ഡേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കും. മേഖല തിരിച്ച് തൊഴിലിടങ്ങളിൽ സംഘടിപ്പിക്കുന്ന ഇത്തരം ക്യാമ്പുകളിലൂടെ തൊഴിലിന് തടസം നേരിടാതെ ആധാർ അപ്ഡേഷൻ പൂർത്തിയാക്കാൻ അതിഥി തൊഴിലാളികൾക്ക് സാധിക്കും. ആധാർ അല്ലാത്ത തിരിച്ചറിയൽ രേഖകളായ പാൻ കാർഡ്, വോട്ടർ ഐഡി, ബാങ്ക് പാസ് ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഉപയോഗിച്ച് ക്യാമ്പുകളിൽ ആധാർ പുതുക്കാം. അതിഥി തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കും ഇവിടെ ആധാർ പുതുക്കാം. ജില്ലാ ലേബർ ഓഫീസിന്റെയും തൊഴിൽ സ്ഥാപന ഉടമകളുടെയും സഹകരണത്തോടെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുക.യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, ജില്ലാ ലേബർ ഓഫീസർ പി.ജെ വിനോദ് കുമാർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ചിഞ്ചു സുനിൽ, അക്ഷയ അസിസ്റ്റന്റ് പ്രോജക്ട് കോഓഡിനേറ്റർ എൻ.ആർ പ്രേമ, പ്ലൈവുഡ് കമ്പനി, തടിമില്ല് കമ്പനി ഉടമകളുടെ സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിച്ചു

**കൊച്ചി:** കൺസ്യൂമർഫെഡ് കളക്ടറേറ്റിൽ ആരംഭിച്ച സ്റ്റുഡന്റ്സ് മാർക്കറ്റ് സഹകരണ ജോയിന്റ് രജിസ്ട്രാർ സജീവ് കർത്ത ഉദ്ഘാടനം ചെയ്തു. കൺസ്യൂമർഫെഡ് റീജിയണൽ മാനേജർ അനിൽ പി.സക്കറിയ, അസിസ്റ്റന്റ് റീജിയണൽ മാനേജർ ടി. കെ. നവിൽ, ഓപ്പറേഷൻ മാനേജർ എം.എസ് സമഗ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## മീഡിയ അക്കാദമി ഫോട്ടോ ജേർണലിസം: ഡിപ്ലോമ കോഴ്സിന് അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി സെന്ററിൽ നടത്തുന്ന ഫോട്ടോ ജേർണലിസം കോഴ്സ് 2023 ജൂൺ ബാച്ചിലെ ഒഴിവുള്ള സീറ്റികളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000/ രൂപയാണ് ഫീസ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈനായി www.keralamediaacademy.org എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2422275, 8281360360 (കോഴ്സ് കോഓർഡിനേറ്റർ)

## ട്രെയിനി ലാബ് ടെക്നീഷ്യൻ താൽക്കാലിക നിയമനം

**കൊച്ചി:** ജില്ലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ കളക്ഷൻ ലബോറട്ടറിയിൽ താൽക്കാലികമായി ട്രെയിനി ലാബ് ടെക്നീഷ്യന്മാരെ നിയമിക്കുന്നു . എച്ച് ഡി.എസിന് കീഴിൽ ഒരു വർഷത്തേക്കാണ് നിയമനം.യോഗ്യത : ഗവൺമെൻറ് അംഗീകൃത ഡിഎംഎൽടി, ബി എസ് സി എം എൽ ടി, കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ . പ്രായം: 35 വയസ്സിൽ താഴെ. സ്റ്റൈ പെന്റ് : 10000 രൂപ.താൽപര്യമുള്ളവർ യോഗ്യത ,വയസ്സ് എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പത്തോളജി ലാബിൽ ജൂൺ 5 രാവിലെ 10 30 ന് എത്തിച്ചേരുക . ഫോൺ നമ്പർ : 0484 2754000

## പരിശീലന പരിപാടി

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ സെൻറർ ഫോർ ഡെവലപ്മെൻറ് ഓഫ് ഇമേജിംഗ് ടെക്നോളജി (സിഡിറ്റ്), സൗരോർജ്ജ സാങ്കേതികവിദ്യയിൽ പരിശീലകരാകാൻ താല്പര്യപ്പെടുന്നവർക്കായി അഞ്ചുദിവസം ദൈർഘ്യമുള്ള ഒരു പരിശീലന പരിപാടി ജൂൺ 19 മുതൽ 23 വരെ തിരുവനന്തപുരത്തു നടത്തുന്നു. യോഗ്യത, ഫീസ് തുടങ്ങിയ വിശദാംശങ്ങൾ സിഡിറ്റ് വെബ്സൈറ്റിൽ www.cdit.org നിന്ന് ലഭ്യമാണ്. താത്പര്യമുള്ളവർ ജൂൺ 15ന് മുമ്പ് ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 9895788233.

## സിവിൽ സ്റ്റേഷൻ ഓഫീസുകളിൽ ബയോബിൻ വിതരണം ചെയ്തു



**കൊച്ചി:** സിവിൽ സ്റ്റേഷനിലെ ഓഫീസുകളിൽ ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ബയോബിൻ വിതരണം ചെയ്തു. എറണാകുളം റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ബയോബിൻ വിതരണം ഉദ്ഘാടനം ചെയ്തു. ജൈവ മാലിന്യ സംസ്കരണത്തിനാണ് ജില്ലാ ശുചിത്വ മിഷൻ എല്ലാ ഓഫീസികളിലും ബയോബിൻ വിതരണം ചെയ്യുന്നത്.ഉറവിടത്തിൽ ജൈവ മാലിന്യം സംസ്കരിച്ച് എല്ലാ സർക്കാർ ഓഫീസുകളും മാതൃകയാകാനുള്ള വലിയ ദൗത്യമാണ് ജില്ലാ ശുചിത്വ മിഷൻ ഏറ്റെടുത്തിരിക്കുന്നത്. ബയോ ബിന്നുകൾ കൃത്യമായ രീതിയിൽ പരിപാലിക്കുന്നതിനായി സിവിൽ സ്റ്റേഷനിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺമാർ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, ആർ.ടി.ഒ ഓഫീസിലെ സീനിയർ സൂപ്രണ്ട് ബി ഷേർളി, പി.ആർ.ഒ വിനോദ് കുമാർ, വെഹിക്കിൾ ഇൻസ്പെക്ടർ എ.ആർ രാജേഷ്, ജൂനിയർ സൂപ്രണ്ട് എ.എൻ രഘു, ജില്ലാ ശുചിത്വ മിഷൻ അസി. കോഓഡിനേറ്റർ കെ.ജെ ലിജി, ജില്ലാ ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റ് ടി.എസ് സജീർ തുടങ്ങിയവർ പങ്കെടുത്തു.

# പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണം ; ക്യാമ്പയിനുമായി ആരോഗ്യ വകുപ്പ്



**കൊച്ചി:** എറണാകുളം ജില്ലയിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ഒരുങ്ങി ആരോഗ്യ വകുപ്പ്.'ശ്രദ്ധയോടെ എറണാകുളം' എന്ന പേരിൽ ആരോഗ്യജാഗ്രത പകർച്ചവ്യാധി നിയന്ത്രണ പദ്ധതിയുടെ ഭാഗമായാണ് ജില്ലയിൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണം ശക്തമാക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്നു.ആരോഗ്യ ജാഗ്രത ശ്രദ്ധയോടെ എറണാകുളം ക്യാമ്പയിൻ, മീസിൽസ് റുബില്ല നിർമാർജ്ജന പരിപാടി , ലോക ജനസംഖ്യ ദിന പരിപാടികൾ എന്നിവയെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു. വിവിധ വകുപ്പുകളുടെ ഏകോപനത്തെയാണ് ശ്രദ്ധയോടെ എറണാകുളം ക്യാമ്പയിൻ നടപ്പാക്കുക. ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും, വീടുകളിലും, സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കും. ജില്ലയിൽ കൂടുതൽ ഡെങ്കി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ചൂർണിക്കര, വാഴക്കുളം, തൃക്കാക്കര, ഇടച്ചിറ, പായിപ്രമേഖലകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ യോഗത്തിൽ തീരുമാനമായി. ഉറവിട നശീകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി ഉറവിടം കണ്ടെത്തുന്ന ഇടങ്ങളിൽ വ്യക്തികളിൽ നിന്ന് പിഴ ചുമത്തും. ഉറവിട നശീകരണം ആരോഗ്യ പ്രവർത്തകരുടെ ഉത്തരവാദിത്വം മാത്രമല്ല ഓരോ വ്യക്തികളുടെയും ഉത്തരവാദിത്തമാണെന്നത് ജനങ്ങളിലേക്ക് എത്തിക്കാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ പടി കൂടാതെ പ്രതിരോധം തീർക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. ഉറവിട നശീകരണത്തിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായി മാലിന്യനിർമ്മാർജനം,വീടുകളുടെ അകത്തളങ്ങളിൽ നിന്ന് ചെടികളും മറ്റും മാറ്റുന്ന പ്രവർത്തനം എന്നിവ നടപ്പിലാക്കും. തൊഴിലുറപ്പ് തൊഴിലാളികളും മണ്ണിലും ചെളിയിൽ ഇറങ്ങി പണിയെടുക്കുന്നവരും കൃത്യമായി എലിപ്പനി പ്രതിരോധ ഗുളിക ഡോക്സി സൈക്ലിൻ കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. വിദ്യാഭ്യാസ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, തൊഴിൽ വകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഏകോപിപച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്കായി ഡോക്സി സൈക്ലിൻ ഗുളിക കഴിക്കുന്നത് അടയാളപ്പെടുത്തുന്നതിനുള്ള കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. സ്കൂളിൽ ഉറവിട നശീകരണം നടത്തി അടയാളപ്പെടുത്തുന്നതിനുള്ള ചെക്ക് ലിസ്റ്റ് വിദ്യാലയങ്ങളിൽ വിതരണം ചെയ്യും . ക്ഷീര വികസന വകുപ്പിനും കൃഷിവകുപ്പിനും വിവിധ ഇടങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ ബോർഡുകളും ആരോഗ്യ വകുപ്പിൽ നിന്ന് നൽകിയിട്ടുണ്ട്.ജില്ലാ മെഡിക്കൽ ഓഫീസർ എസ്. ശ്രീദേവി, തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പി. എം ഷഫീഖ്, വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി. ജി അലക്സാണ്ടർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ജില്ലയിൽ ആധാർ പുതുക്കൽ നടപടികൾ വേഗത്തിലാക്കാൻ ക്യാമ്പുകൾ സംഘടിപ്പിക്കും

**കൊച്ചി:** ജില്ലയിൽ ആധാർ പുതുക്കൽ നടപടികൾ വേഗത്തിലാക്കാൻ അങ്കണവാടികളും സ്കൂളുകളും കേന്ദ്രീകരിച്ച് ക്യാമ്പുകൾ നടത്താൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല ആധാർ മോണിറ്ററിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു. അഞ്ചു വയസ്സ് വരെയുള്ള കുട്ടികളുടെ ആധാർ പുതുക്കൽ കൃത്യമായി നടപ്പാക്കാൻ ഐ.സി.ഡി.എസ് ഓഫീസുകളുടെ സഹകരണത്തോടെ അങ്കണവാടികൾ കേന്ദ്രീകരിച്ച് ആധാർ അപ്ഡേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കും.അഞ്ചു മുതൽ ഏഴ് വയസ് വരെയുള്ള കുട്ടികളുടെ ആധാർ ബയോമെട്രിക് അപ്ഡേഷനും, 15 മുതൽ 17 വരെ വയസുള്ളവരുടെ ആധാർ പുതുക്കുന്നതിനും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ ആധാർ അപ്ഡേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കും. മൊബൈൽ നമ്പർ നൽകാത്ത നിരവധി ആധാറുകൾ കണ്ടെത്തിയ സാഹചര്യത്തിൽ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യാനുള്ള പ്രവർത്തനങ്ങളും വേഗത്തിലാക്കാനുള്ള നടപടികളും സ്വീകരിക്കും. യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, യു.ഐ.ഡി.എ.ഐ സംസ്ഥാന ഡയറക്ടർ വിനോദ് ജേക്കബ് ജോൺ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ചിഞ്ചു സുനിൽ, അക്ഷയ അസിസ്റ്റന്റ് പ്രോജക്ട് കോ ഓഡിനേറ്റർ എൻ.ആർ പ്രേമ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പൊതുമേഖലാ ബാങ്കുകളെ നിലനിർത്തണം : ഹൈബി ഈഡൻ. എംപി

**കൊച്ചി:**പൊതുമേഖലാ ബാങ്കുകളെ സംരക്ഷിക്കണമെന്നും അവയെ നിലനിർത്തേണ്ടത് നാടിന്റെ നിലനിൽപിനാവശ്യമാണെന്നും ഹൈബി ഈഡൻ എം പി ആവശ്യപ്പെട്ടു.ആൾ കേരളാ ബാങ്ക് റിട്ടയറീസ് ഫെഡറേഷന്റെ പത്താമതു സംസ്ഥാനസമ്മേളനം എറണാകുളം ടൗൺഹാളിൽ ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്നെത്തിയ വിവിധബാങ്കുകളിലെ ആയിരത്തിലധികം പെൻഷൻകാർ പങ്കെടുത്ത യോഗത്തിൽറിട്ടയറീസ് ഫെഡറേഷൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി എസ്സ്.സി. ജയിൻ മുഖ്യാതിഥിയായിരുന്നു.പെൻഷൻ പരിഷ്ക്കരണത്തിന്റെയും മെഡിക്കൽ ഇൻഷ്വറൻസ് പ്രീമിയം കുറയ്ക്കുന്നതിന്റെയും ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. സംസ്ഥാനപ്രസിഡന്റ് പി.എസ്.ബാലൻഅദ്ധ്യക്ഷത വഹിച്ചു.സംസ്ഥാന ജന. സിക്രട്ടറികെ.ശ്രീനിവാസൻ , ജോയിന്റ് ജനറൽ സിക്രട്ടരി ഇ. ജോൺ ജോസഫ് , സ്വാഗത സംഘംചെയർമാൻ സി ഡി . ജോസൺ, കൾച്ചറൽ അസോസിയേഷൻ സംസ്ഥാന ജന.സിക്രട്ടരി രാമകൃഷ്ണൻ കണ്ണോം,എ.കെ.ബി.ഇ.എഫ് സംസ്ഥാന പ്രസി.കെ.എസ്കൃഷ്ണ, സ്വാഗത സംഘംജന .കൺവീനർ .ശശിധരപണിക്കർ, കൺവീനർ കെ രാഘവൻ ,പി.രാജൻ എന്നിവർ സംസാരിച്ചു.പുതിയ ഭാരവാഹികളായി പി.എസ്. ബാലൻ ( പ്രസി)കെ. ശ്രീനിവാസൻ (ജന. സിക്ര) ടി.പി. ഗിരീഷ് (ട്രഷാർ ) എന്നിവരെ തിരഞ്ഞെടുത്തു.

# റിലയൻസ് , സിംപ്ലി സ്പോർട് ഫൗണ്ടേഷനുമായി കൈകോർക്കുന്നു

**കൊച്ചി/മുംബൈ:** ആർത്തവവും അത്‌ലീറ്റുകളിലെ പ്രകടനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ബോധവൽക്കരണം വർദ്ധിപ്പിക്കുന്നതിന് റിലയൻസ് ഫൗണ്ടേഷൻ, സിംപ്ലി സ്പോർട് ഫൗണ്ടേഷനുമായി (എസ്എസ്എഫ്) കൈകോർക്കുന്നു. സിംപ്ലി പിരീഡ്സ് എന്ന ഈ ക്യാംപെയിനിലൂടെ കായികമേഖലയിൽ വനിതാ അത്‌ലീറ്റുകളുടെ സാന്നിധ്യവും വിജയവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിടുന്നതായി ഒളിമ്പ്യൻ ആന്റ് റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ് അത്‌ലറ്റ് ലോവ്‌ലിന ബോർഗോഹെയ്ൻ പറഞ്ഞു.ഇന്ത്യയിലുടനീളം അത്‌ലീറ്റുകൾക്കും പരിശീലകർക്കും ആർത്തവവുമായി ബന്ധപ്പെട്ട അറിവ് വർധിപ്പിക്കുന്നതിനായി നിരവധി വർക്ക്ഷോപ്പുകൾ റിലയൻസ് ഫൗണ്ടേഷനും എസ്എസ്എഫും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ, സ്ത്രീ അത്‌ലറ്റുകളുടെ പോഷകാഹാരം, ബോഡി ഇമേജ് പ്രശ്നങ്ങൾ, മാനസികാരോഗ്യം, ശാരീരികാരോഗ്യം തുടങ്ങിയ വിഷയങ്ങളും ഇതിൽ കൈകാര്യം ചെയ്യും. വ്യാപകമായ അവബോധവും ബോധവൽക്കരണവും ഉറപ്പാക്കാൻ ഇവ ഡിജിറ്റൽ ചാനലുകളിലൂടെ ലഭ്യമാക്കും.ആർത്തവത്തെക്കുറിച്ചു സംസാരിക്കുന്നത് വളരെ പ്രധാനമാണ്. വനിതാ അത്‌ലറ്റുകളുടെ മികച്ച പ്രകടനത്തിൽ ആർത്തവം ഒരു ഭാഗം തന്നെയാണെന്നും ലോവ്‌ലിന ബോർഗോഹെയ്ൻ പറഞ്ഞു.കൃത്യമായ പരിശീലനം പോലെ തന്നെ നമുക്ക് ആരോഗ്യകരമായ ആർത്തവചക്രവും ഉറപ്പാക്കേണ്ടതുണ്ട്. ആർത്തവത്തെക്കുറിച്ചുള്ള നിശബ്ദത അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. റിലയൻസ് ഫൗണ്ടേഷനും സിംപ്ലി സ്പോർട്സ് ഫൗണ്ടേഷനും വനിതാ അത്‌ലീറ്റുകളെക്കുറിച്ചും ആർത്തവത്തെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിനായി മുന്നിട്ടിറങ്ങുന്നതിൽ തനിക്ക് സന്തോഷമുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

## സുഷമ നന്ദകുമാർ ലയൺസ് ക്ലബ് മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സൺ



**കൊച്ചി:**2023-24 കാലയളവിലെ ലയൺസ് ക്ലബുകളുടെ മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സണായി സുഷമ നന്ദകുമാറിനെ തിരഞ്ഞെടുത്തു. കേരളത്തിൽ നിന്നും 5 ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർമാരിൽ സേവന മികവ് മുൻനിർത്തിയാണ് സുഷമ നന്ദകുമാർ തിരഞ്ഞെടുക്കപ്പെട്ടത്.ലയൺസ് ക്ലബ് 318ഡിയുടെ ഡിസ്ട്രിക്ട് ഗവർണറായിരുന്ന സുഷമ നന്ദകുമാർ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നിരവധി സാമൂഹിക സന്നദ്ധ സേവനങ്ങളാണ് കാഴ്ചവെച്ചത്.സമൂഹത്തിൽ സേവനം ആവശ്യമുള്ള ജനാവിഭാഗങ്ങളെ ചേർത്തുനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ലയൺസ് ക്ലബ് നടപ്പിലാക്കുന്നത്. ഉത്തരവാദിത്തമുള്ള പദവിയാണിത്. കർമപഥത്തിൽ, കൂടുതൽ കരുത്തോടെ മുന്നേറാനുള്ള അവസരമായി പദവിയെ കാണുന്നുവെന്ന് സുഷമ നന്ദകുമാർ പറഞ്ഞു.മണപ്പുറം ഗ്രൂപ്പിന്റെ കോ ഫൗണ്ടറും, മണപ്പുറം ജ്വല്ലേഴ്സ് എം ഡിയുമായ സുഷമ നന്ദകുമാർ കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആദ്യ വനിതാ മൾട്ടിപ്പിൾ ചെയർപേഴ്സനാണ്.

# ഷിംഗിൾസ് ബോധവൽക്കരണം: അമിതാഭ് ബച്ചൻ ജിഎസ്കെയുമായി സഹകരിക്കുന്നു

**കൊച്ചി:** 50 വയസ്സിന് മുകളിൽ പ്രായമുള്ളവരെ ബാധിക്കുന്ന ഷിംഗിൾസ് രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ജിഎസ്കെ സിനിമാതാരം അമിതാഭ് ബച്ചനുമായി സഹകരിക്കുന്നു.ഇതിന്റെ ഭാഗമായി പുറത്തിറക്കുന്ന ക്യാമ്പയിനിൽ ഷിംഗിൾസ് മൂലമുണ്ടാകുന്ന വേദനാജനകമായ അവസ്ഥയും അതിനൊപ്പം ജീവിക്കുന്ന ആളുകളുടെ ബുദ്ധിമുട്ടിനെക്കുറിച്ചും ബോധവൽക്കരണം നടത്തും. വാക്സിനേഷനിലൂടെ പ്രായമാകുന്നവരെ ഈ വേദനയിൽ നിന്ന് സംരക്ഷിക്കാൻ കഴിയുമെന്ന സന്ദേശമാണ് ഇതിലൂടെ നൽകുന്നത്.ചിക്കൻപോക്സിന് കാരണമാകുന്ന അതേ വൈറസാണ് ഷിംഗിൾസിന് കാരണമാകുന്നത്. ശരീരത്തിന്റെ പ്രതിരോധശേഷി ദുർബലമാകുമ്പോൾ, വൈറസ് ശരീരത്തിൽ വീണ്ടും സജീവമാകുകയും ഷിംഗിൾസ് ഉണ്ടാക്കുകയും ചെയ്യുന്നു. 50 വയസ്സിന് താഴെയുള്ള 90 ശതമാനം ഇന്ത്യക്കാരുടെയും ശരീരത്തിൽ ഈ വൈറസ് ഉണ്ടെന്നാണ് കണക്കാക്കുന്നത്.ഇന്ത്യയിലെ പ്രായമാകുന്നവരുടെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, അവരുടെ ജീവിത നിലവാരത്തെ ബാധിക്കുന്ന ഷിംഗിൾസ് പോലുള്ള രോഗങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കേണ്ടതുണ്ടെന്നു ജിഎസ്കെ മെഡിക്കൽ ഡയറക്ടർ ഡോ രശ്മി ഹെഗ്ഡെ പറഞ്ഞു. ഷിംഗിൾസ് വേദനാജനകമാണെന്ന് അറിയപ്പെടുന്നു, ഇത് തടയുന്നതിനായി ഡോക്ടർമാരോട് സംസാരിച്ച് വേണ്ട ചികിത്സ നേടണമെന്നു അമിതാഭ് ബച്ചൻ പറഞ്ഞു.




# അജിയോയിൽ ബിഗ് ബോൾഡ് സെയിൽ പ്രഖ്യാപിച്ചു




**കൊച്ചി:**ഇന്ത്യയിലെ പ്രീമിയം ഫാഷൻ ഇ റ്റെയിലറായ അജിയോ ജൂൺ ഒന്നു മുതൽ ആരംഭിക്കുന്ന ബിഗ് ബോൾഡ് സെയിലിൽ തിരഞ്ഞെടുക്കപ്പെട്ട പ്രീമിയം ബ്രാൻഡുകൾക്ക് 50 മുതൽ 90 ശതമാനം വരെ ഡിസ്കൗണ്ട് ലഭ്യമാകും. ഓരോ 6 മണിക്കൂറിലും ഉപഭോക്താക്കൾക്ക് ഐ ഫോൺ 14 പ്രോ , ആപ്പിൾ മാക് ബുക്ക്, സാംസങ് 23 മൊബൈൽ, ഒരു ലക്ഷം രൂപ വിലമതിക്കുന്ന സ്വർണ്ണം, എന്നിവ നേടാനുള്ള അവസരവുമുണ്ട്. കൂടാതെ എസ് ബി ഐ ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് എന്നിവ ഉപയോഗിക്കുന്നവർക്ക് 10% അധിക ഡിസ്കൗണ്ടും ലഭിക്കുമെന്ന് അജിയോ അധികൃതർ അറിയിച്ചു.

# പത്തിൽ ഏഴ് ഇന്ത്യക്കാരും പ്രതിദിനം ആവശ്യമായ നാരുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നില്ലെന്ന് സർവേ

**കൊച്ചി:** ഭൂരിഭാഗം ഇന്ത്യക്കാരും ഒരു ദിവസം തങ്ങളുടെ ഭക്ഷണത്തിൽ ആവശ്യമായ നാരുകളുടെ അളവ് ഉൾപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നുവെന്ന് പ്രോട്ടീൻ ഫുഡ്സ് ആൻഡ് ന്യൂട്രീഷൻ ഡെവലപ്മെന്റ് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി (പിഎഫ്എൻഡിഎ) സഹകരിച്ച് ഐടിസി ആശീർവാദ് ആട്ട വിത്ത് മൾട്ടിഗ്രെയിൻസ് സംഘടിപ്പിച്ച സർവേ ചൂണ്ടിക്കാട്ടുന്നു. സർവേയിലെ ഫൈബർ മീറ്റർ ടെസ്റ്റിന്റെ ഭാഗമായ 69,000ൽപ്പരം വരുന്ന വ്യക്തികളിൽ, 69%ലേറെപ്പേരും ശുപാർശ ചെയ്യപ്പെടുന്ന പ്രതിദിന ആവശ്യകതയേക്കാൾ കുറഞ്ഞ അളവിലാണ് നാരുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതെന്നാണ് കണ്ടെത്തൽ. ഇതിനൊപ്പം നടന്ന ഹാപ്പി ടമ്മിയുടെ ഡൈജസ്റ്റീവ് കോഷ്യന്റ് ടെസ്റ്റിന്റെ ഭാഗമായ 5.7 ലക്ഷത്തിലധികം ഉപഭോക്താക്കളിൽ, 70% ഇന്ത്യക്കാരും ദിവസവും 8 ഗ്ലാസിൽ താഴെ മാത്രമാണ് വെള്ളം കുടിക്കുന്നതെന്നും കണ്ടെത്തി. 47% ഇന്ത്യക്കാർ ദിവസവും 6 മണിക്കൂറോ അതിൽ കുറവോ ഉറങ്ങുന്നു. 35% പേർ യാതൊരുവിധ വ്യായാമങ്ങളിലും ഏർപ്പെടുന്നില്ല, 40% പേർ മാത്രമേ ദിവസവും എന്തെങ്കിലും ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുള്ളൂ. കൂടാതെ, 75% ഇന്ത്യക്കാരും മിതമായതോ കഠിനമോ ആയ മാനസികസമ്മർദ്ദം നേരിടുന്നവരാണെന്നും റിപ്പോർട്ടിൽ പറയുന്നു. 28 സംസ്ഥാനങ്ങളിൽ നിന്നും എട്ടിൽ ഏഴു കേന്ദ്രഭരണപ്രദേശങ്ങളിൽ (ലക്ഷദ്വീപ് ഒഴികെ) നിന്നുമുള്ള വ്യത്യസ്തപ്രായവിഭാഗങ്ങളിലും ലിംഗങ്ങളിലും ഉള്ള ആളുകളാണ് സർവേയിൽ പങ്കെടുത്തത്.ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ആരോഗ്യത്തിൽ ദഹന ആരോഗ്യം പ്രധാന പങ്ക് വഹിക്കുന്നുവെന്നും ആരോഗ്യത്തിന് ഊന്നൽകേണ്ട മുൻഗണന നമ്മുടെ വയറിൽ നിന്ന് തന്നെ തുടങ്ങണമെന്നും ഐടിസി ന്യൂട്രീഷൻ സയൻസസ് മേധാവി ഡോ. ഭാവന ശർമ്മ പറഞ്ഞു. ആശീർവാദ് ആട്ട വിത്ത് മൾട്ടിഗ്രെയിൻസിന്റെ, 2021 ൽ ആരംഭിച്ച ഹാപ്പി ടമ്മി വെബ്സൈറ്റ്, ആളുകളുടെ ദഹനം വിലയിരുത്തുന്നതിനുള്ള വ്യത്യസ്ത വഴികൾ ചൂണ്ടിക്കാണിക്കുന്നു. അതിനു പുറമെ പോഷകാഹാരമേഖലയിലെ വിദഗ്ധരുടെ ബ്ലോഗുകളും വീഡിയോകളും ഉയർന്ന അളവിൽ നാരുകൾ അടങ്ങിയ വിഭവങ്ങളുടെ പാചകക്കുറിപ്പുകളും ഉൾപ്പെടെയുള്ള സർട്ടിഫൈഡ് കണ്ടന്റും ഈ വെബ്സൈറ്റിലുണ്ട്. കൂടാതെ, ഉപഭോക്താക്കൾക്ക്, ഡയറ്റീഷ്യൻമാരുമായി സൗജന്യ വ്യക്തിഗത കൺസൾട്ടേഷനും ബുക്ക് ചെയ്യാം. കൂടാതെ പോഷകാഹാരവും ഭക്ഷണവുമായി ബന്ധപ്പെട്ട സംശയങ്ങൾക്കായി ആസ്ക് ആൻ എക്സ്പർട്ട് എന്നൊരു ഫീച്ചറും ഇതിലുണ്ട്. ദി ഫൈബർ മീറ്ററും മൈ മീൽ പ്ലാൻ ടൂളുകളും ആളുകളുടെ ലിംഗവും പ്രായവും അടിസ്ഥാനമാക്കി ഇന്ത്യൻ കൗൺസിൽഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ദൈനംദിനെ ഫൈബർ ഉപഭോഗം ട്രാക്ക് ചെയ്യാനും പാലിക്കാനും ഈ സൈറ്റ് സഹായിക്കുന്നുവെന്നും ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി.വിവരങ്ങൾക്ക് https://happy-tummy.aashirvaad.com/

# കെ.എം.ആർ.എൽ–അമ്മ 'മെട്രോ ഷോർട്ട് ഫിലിം മത്സരം'

**കൊച്ചി:** കൊച്ചി മെട്രോയുടെ ആറാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് കെഎംആർഎൽ താരസംഘടനയായ അമ്മയുമായി ചേർന്ന് ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. 'ലൈഫ് ഇൻ എ മെട്രോ' എന്ന വിഷയത്തിൽ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിമുകൾ മത്സരത്തിലേക്ക് അയക്കാം. പ്രായഭേദമെന്യേ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. വിജയികളെ അമ്മയിൽ നിന്നുള്ള അംഗങ്ങൾ അടങ്ങുന്ന വിധികർത്താക്കളുടെ പാനൽ നിശ്ചയിക്കും. ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ ലഭിക്കും. മികച്ച ഷോർട്ട് ഫിലിമുകൾ കൊച്ചി മെട്രോ സ്റ്റേഷനുകളിലെ സ്ക്രീനുകളിൽ പ്രദർശിപ്പിക്കുന്നതാണ്. രജിസ്ട്രേഷൻ സൗജന്യമാണ്. മത്സരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ജൂൺ അഞ്ചിന് മുൻപ് രജിസ്റ്റർ ചെയ്യേണ്ടതാണ്. ജൂൺ പത്തിന് മുൻപായി എൻട്രികൾ അയക്കേണ്ടതാണ്. വിശദവിവരങ്ങൾ www.kochimtero.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.Registration linkhttps://kochimtero.org/KMRL-AMMA-Short-Film-Competition/

# ജനാധിപത്യം വെല്ലുവിളി നേരിടുമ്പോൾ കലാകാരന്മാരുടെ ഉത്തരവാദിത്തം വർധിക്കും: മന്ത്രി പി രാജീവ്

**കൊച്ചി:** ഈ കാലഘട്ടം വല്ലാത്ത ആകുലതകളുടേതാണെന്നും രാജ്യത്തെ ജനാധിപത്യവും മതേതരത്വവും വലിയ വെല്ലുവിളികൾ നേരിടുന്ന ഈ സന്ദർഭത്തിൽ കലാകാരന്മാരുടെ ഉത്തരവാദിത്തം വർധിക്കുകയാണെന്നും മന്ത്രി പി രാജീവ് പറഞ്ഞു. കൊച്ചിയിലും മറ്റ് മൂന്നിടങ്ങളിലുമായി കേരള ലളിത കലാ അക്കാദമി സംഘടിപ്പിക്കുന്ന സംസ്ഥാന ദൃശ്യകലാ പ്രദർശനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ എന്നാണ് നമ്മുടെ ഭരണഘടനയുടെ ആമുഖം തുടങ്ങുന്നത്. നമ്മുടെ ഭരണഘടനാശിൽപ്പികൾ രാജ്യത്തെ ഒരു മതേതരറിപ്പബ്ലിക്കായാണ് അങ്ങനെ വിഭാവനം ചെയ്തത്. എന്നാൽ ഇന്ന് നമ്മുടെ ജനാധിപത്യവും മതേതരത്വവും വലിയ വെല്ലുവിളികൾ നേരിടുകയാണെന്ന് മന്ത്രി പറഞ്ഞു. ടി ജെ വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി പി രാജീവ്, ടി ജെ വിനോദ്, കൊച്ചി മേയർ അഡ്വ. എം അനിൽ കുമാർ തുടങ്ങിയവർ അക്കാദമി ഏർപ്പെടുത്തിയ അക്കാദമിയുടെ ഫെല്ലോഷിപ്പുകളും സംസ്ഥാന ദൃശ്യകലാ പുരസ്കാരങ്ങളും വിജയികൾക്ക് കൈമാറി.271 കലാകാരരുടെ 374 കലാസൃഷ്ടികളാണ് പ്രദർശനത്തിലുള്ളത്.. എറണാകുളം ദർബാർ ഹാൾ കലാ കേന്ദ്രം, ഫോർട്ട് കൊച്ചി പെപ്പർ ഹൗസ്, കോഴിക്കോട് അക്കാദമി ആർട്ട് ഗാലറി, കായംകുളം ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം ആന്റ് ആർട്ട് ഗാലറി എന്നിവിടങ്ങളിലാണ് പ്രദർശനം നടക്കുന്നത്. 861 കലാകാരരുടെ 3519 സൃഷ്ടികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവയാണ് പ്രദർശനത്തിനുള്ളത്.ഉദ്ഘാടന ചടങ്ങിൽ മന്ത്രി പി രാജീവ് ആർട്ടിസ്റ്റ് നമ്പൂതിരിയെ ആദരിച്ചു. ആർട്ടിസ്റ്റ് നമ്പൂതിരിയുടെ അഭാവത്തിൽ മകൻ ദേവൻ ആദരം ഏറ്റുവാങ്ങി. ബാംഗ്ലൂർ കേന്ദ്രീകരിച്ച് കലാപ്രവർത്തനം നടത്തിവരുന്ന മലയാളിയായ പ്രഭാവതി മേപ്പയിൽ, വഡോദരയിലും ലണ്ടനിലുമായി കലാപ്രവർത്തനം തുടരുന്ന തിരുവനന്തപുരം സ്വദേശിയായ ഷിബു നടേശൻ എന്നിവർക്ക് അക്കാദമി ഫെലോഷിപ്പുകൾ സമ്മാനിച്ചു. ഇരുവരും നിരവധി അന്തരാഷ്ട്ര കലാപ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.സംസ്ഥാന പുരസ്കാരജേതാക്കൾ: ആമീൻ ഖലീൽ, പ്രകാശൻ കെ എസ്, ഷാൻ കെ ആർ, ശ്രീജ പള്ളം, ശ്രീനാഥ് കെ എസ് (ചിത്രം, ശിൽപം, ന്യൂ മീഡിയ, ഡ്രോയിങ്ങ്); അനു ജോൺ ഡേവിഡ് (ഫോട്ടോഗ്രഫി); കെ ഉണ്ണികൃഷ്ണൻ (കാർട്ടൂൺ).ഓറബിൾ മെൻഷൻ പുരസ്കാരം: അമ്മു എസ്., ഹെൽന മെറിൻ ജോസഫ്, മിബിൻ, മുഹമ്മദ് യാസിർ, റോബർട്ട് വി ജെ, ഡി മനോജ്, മധുസൂദനൻ, ശിവ.വി. ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണമെഡൽ: സാറാ ഹുസൈൻ. വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണമെഡൽ: വിനോദ്കുമാർ കെ എൻ. കലാവിദ്യാർത്ഥികൾക്കുള്ള പ്രത്യേക പുരസ്കാരങ്ങൾ: അഭിജിത്ത് ഉദയൻ, അഞ്ചലോ ലോയ്, ഹെലൻ പി എസ്, കാവ്യ എസ് നാഥ്, കിരൺ ഇ വി എസ്. സ്പെഷ്യല് ജൂറി അവാർഡ്: അബ്ദുള്ള പി എ, അനിൽ ദയാനന്ദ്, പ്രവീൺ പ്രസന്നൻ, സുധീഷ് കോട്ടേമ്പ്രം. രാജൻ എം കൃഷ്ണൻ എൻഡോവ്മെന്റ് അവാർഡ്: വിവേക് ടി സി.എഴുത്തുകാരൻ ടി ഡി രാമകൃഷ്ണനു നൽകിയ സാംസ്കാരിക വകുപ്പ് അഡീഷനൽ കെ ജനാർദ്ദൻ പ്രദർശനത്തിന്റെ കാറ്റലോഗ് പ്രകാശനം ചെയ്തു. കൊച്ചി മേയർ അനിൽകുമാർ, ഹൈബി ഈഡൻ എംപി എന്നിവർ മുഖ്യാതിഥികളആയി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത്, സെക്രട്ടറി എൻ ബാലമുരളീകൃഷ്ണൻ എന്നിവരും പ്രസംഗിച്ചു.ചടങ്ങിനു മുന്നോടിയായി ആർ എൽ വി വിജയകൃഷ്ണന്റെ നേതൃത്വത്തിൽ പഞ്ചാരിമേളവും ശങ്ക ട്രൈബ് അവതരിപ്പിച്ച സംഗീതപരിപാടിയും നടന്നു.പ്രദർശനം ജൂൺ 28 വരെ നീണ്ടുനിൽക്കും.



## സാഹസിക ടൂറിസം: ഓപ്പറേറ്റർമാർ രജിസ്റ്റർ ചെയ്യണം

**കൊച്ചി:**സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഓപ്പറേറ്റർമാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കുന്നു. വിനോദസഞ്ചാരവകുപ്പിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതിയുടെ നേരിട്ടുള്ള സുരക്ഷാ പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും രജിസ്ട്രേഷൻ നൽകുക. ജില്ലയിൽ സാഹസിക ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ടൂർ ഓപ്പറേറ്റർമാർ അടക്കമുള്ള സ്ഥാപനങ്ങൾ https://www.keralaadventure.org/online-registrstion/ https://www.keralatourism.org/business എന്ന ലിങ്ക് വഴി അടിയന്തരമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

സാഹസിക ടൂറിസം മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സർക്കാർ അഡ്വഞ്ചർ ഓപ്പറേറ്റേഴ്സിനായി 'അഡ്വഞ്ചർ ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്' പുറപ്പെടുവിടിച്ചിട്ടുണ്ട് . കേരളത്തിൽ കൂടുതൽ പ്രചാരത്തിലുള്ള 30 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾക്കൊള്ളിച്ചാണ് റെഗുലേഷൻസ് പുറത്തിറക്കിയിട്ടുള്ളത്. ടെന്റ് ക്യാമ്പിങ്ങിനുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിനുപുറമേ മറ്റു സാഹസിക ടൂറിസം ആക്ടിവിറ്റികൾക്കായി പൊതുവായ സുരക്ഷാ മാർഗ്ഗവും നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോൺ :0471 2320777,9656011630

# ഹജ്ജ് തീർത്ഥാടനം: വിപുലമായ സൗകര്യങ്ങളൊരുക്കി സിയാൽ



**കൊച്ചി:** ഈ വർഷത്തെ ഹജ്ജ് തീർത്ഥാടകർക്കുള്ള എംബാർക്കേഷൻ പോയിന്റായ കൊച്ചി വിമാനത്താവളത്തിൽ ഹജ്ജ് ക്യാമ്പിനായി വിപുലമായ സൗകര്യങ്ങൾ സിയാൽ ഒരുക്കി. തിരുവനന്തപുരം മുതൽ തൃശ്ശൂർവരെയുള്ള ജില്ലകളിൽ നിന്നും ലക്ഷദ്വീപിൽ നിന്നുമുള്ള തീർത്ഥാടകരാണ് ഇത്തവണ കൊച്ചിയിൽ നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നത്. ജൂൺ ഏഴിനാണ് ആദ്യ വിമാനം.സിയാലിന്റെ ഏവിയേഷൻ അക്കാദമിയോട് ചേർന്നാണ് ഹജ്ജ് ക്യാമ്പ് ഒരുക്കിയിട്ടുള്ളത്. 1.3 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള പന്തൽ, 600 പേർക്ക് യോഗം ചേരാനുള്ള അസംബ്ലി ഹാൾ, 600 പേരെ ഉൾക്കൊള്ളാവുന്ന പ്രാർത്ഥനാ ഹാൾ, 60 ടോയ്‌ലെറ്റുകൾ, 40 ഷവർ റൂമുകൾ, 152 പേർക്ക് ഒരേസമയം വുളു ചെയ്യുന്നതിനുള്ള സൗകര്യം, അലോപ്പതി, ഹോമിയോ ആശുപത്രികൾ, ബാങ്ക് കൗണ്ടറുകൾ, എയർലൈൻ ഓഫീസ്, പാസ്പോർട്ട് പരിശോധനാ കേന്ദ്രം, ഹജ്ജ് സെൽ ഓഫീസ്, ഹജ്ജ് കമ്മറ്റി ഓഫീസ് എന്നിവ ക്യാമ്പിൽ സിയാൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിനുപുറമേ രാജ്യാന്തര ടെർമിനലിൽ ഹാജിമാർക്കായി പ്രത്യേകം ചെക്ക് ഇൻ, ഇമിഗ്രേഷൻ കൗണ്ടറുകൾ, സുരക്ഷാ പരിശോധനാ സൗകര്യം, സംസം ജലം സൂക്ഷിക്കാനുള്ള സൗകര്യം എന്നിവയും ഒരുക്കി. സംസ്ഥാന സർക്കാരിന്റെ നിർദേശാനുസരണം, ഹാജിമാർക്ക് ഏറ്റവും മികച്ച രീതിയിൽ തീർത്ഥാടന യാത്ര നടത്താനുള്ള സൗകര്യമാണ് സിയാൽ ഹജ്ജ് ക്യാമ്പിൽ ഒരുക്കിയിട്ടുള്ളതെന്ന് മാനേജിങ് ഡയറക്ടർ എസ്.സുഹാസ് അറിയിച്ചു. ജൂൺ ഏഴിന് തുടങ്ങുന്ന തീർത്ഥാടനത്തിനായി എംബാർക്കേഷൻ പോയിന്റിലെ സൗകര്യങ്ങളുടെ അവസാനവട്ട വിലയിരുത്തലിനായി ഹജ്ജ് ക്യാമ്പിൽ എത്തിയതായിരുന്നു അദ്ദേഹം.ജൂൺ ഏഴ് മുതൽ 21 വരെയാണ് കൊച്ചി വിമാനത്താവളത്തിൽ നിന്ന് സൗദി എയർലൈൻസ് പ്രത്യേക ഹജ്ജ് സർവീസ് നടത്തുന്നത്. ലക്ഷദ്വീപിൽ നിന്നുള്ള 163 തീർത്ഥാടകർ ഉൾപ്പെടെ മൊത്തം 2407 ഹാജിമാർ ഇത്തവണ കൊച്ചി വിമാനത്താവളത്തിൽ നിന്ന് തീർത്ഥാടനത്തിന് പോകും.

